VOL NO: 05 I ISSUE 33
www.nerpatham.com
mail@nerpatham.com
2021 AUGUST 21 I ₹12

# നേർപഥം
വാരിക

# മുസ്‌ലിം പ്രീണനം; ദുരാരോപണവും അവകാശധ്വംസനവും



ഇസ്‌ലാംവെറുപ്പിന്റെ ആഗോളീകരണം ജനാധിപത്യ ഇന്ത്യയെപോലും ഗ്രസിച്ചിരിക്കുന്നു. ഇന്ത്യയിലെ ജനാധിപത്യവും മതേതരത്വവും മതനിരപേക്ഷതയുമെല്ലാം കേവലം മുസ്‌ലിം പ്രീണനങ്ങൾക്കുവേണ്ടി നെയ്തുണ്ടാക്കിയവയാണെന്നാണ് ഉത്തരവാദപ്പെട്ടവർപോലും പറയാതെ പറയുന്നത്. ഒരേസമയം ദേശവിരുദ്ധരെന്ന ആക്ഷേപവും മുസ്‌ലിം പ്രീണനമെന്ന ആരോപണവുമാണ് ഇന്ത്യയിലെ മുസ്‌ലിംകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

- വീണ്ടും പുകയുന്ന അഫ്ഗാൻ

- ക്വിബ്‌ല മാറ്റം
- വാർധക്യം; ചില ഓർമപ്പെടുത്തലുകൾ
- ആധുനിക ആലേഖന കല; ക്വുർആനിൽനിന്ന് ചില ഉദാഹരണങ്ങൾ

wisdomyouth



നാം എല്ലാ നേരവും വയറ് നിറച്ച്
വിഭവസമൃദ്ധമായ ഭക്ഷണം
കഴിക്കുമ്പോൾ ആഹാരത്തിനായി
കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

WISDOM ISLAMIC YOUTH ORGANIZATION,
C.V.COMPLEX, P.V.SWAMI ROAD, CALICUT

# 0239
# നേർപഥം
വാരിക

2021 ആഗസ്ത് 21
1442 മുഹർറം 12
പുസ്തകം 05 / ലക്കം 33

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








**10**
മുജീബ് ഒട്ടുമ്മൽ
## മുസ്‌ലിം പ്രീണനം; ദുരാരോപണവും അവകാശധ്വംസനവും

**05**
**മുഖമൊഴി**
വീണ്ടും പുകയുന്ന അഫ്ഗാൻ
എഡിറ്റർ

**04**
**നമുക്ക് ചുറ്റും**
ചീഫ് ജസ്റ്റിസ് എൻ.വി രമണയുടെ നിരീക്ഷണം രാജ്യം ചർച്ച ചെയ്യണം
ടി.കെ.അശ്‌റഫ്

**06**
**ലേഖനം**
വാർധക്യം; ചില ഓർമപ്പെടുത്തലുകൾ
ദുൽക്കർഷാൻ അലനല്ലൂർ

**16**
**ലേഖനം**
ജീവനും ജീവിതവും
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

**18**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**23**
**ക്വുർആൻ ദർശനം**
അൽക്വമർ, ഭാഗം 5
അബ്ദുറഹ്‌മാൻ നാസിർ അസ്സഅദി

**26**
**ലേഖനം**
ആധുനിക ആലേഖന കല; ക്വുർആനിൽനിന്ന് ചില ഉദാഹരണങ്ങൾ
ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി

**30**
**ചരിത്രപഥം**
ക്വിബ്‌ല മാറ്റം
ഹുസൈൻ സലഫി, ഷാർജ

**34**
**ഹദീഥ് പാഠം**
കുടുംബബന്ധം ചേർക്കുന്നതിന്റെ നേട്ടങ്ങൾ
ഉസ്മാൻ പാലക്കാഴി

ടി.കെ.അശ്‌റഫ്
tkashraf100@gmail.com

നമുക്ക് ചുറ്റും

# ചീഫ് ജസ്റ്റിസ് എൻ.വി രമണയുടെ നിരീക്ഷണം രാജ്യം ചർച്ച ചെയ്യണം

പാർലമെന്റിൽ നിയമനിർമാണത്തിന് മുമ്പത്തേതുപോലെ വിശദമായ ചർച്ചകളും സംവാദങ്ങളും നടക്കുന്നില്ലെന്ന സുപ്രീംകോടതി ചീഫ് ജസ്റ്റിസ് എൻ.വി രമണയുടെ തുറന്നുപറച്ചിൽ രാജ്യം വളരെ ഗൗരവത്തോടെ ചർച്ചയ്ക്കു വിധേയമാക്കണം. സുതാര്യമായ ചർച്ച നടക്കാത്തതിനാൽ നിയമങ്ങളിൽ വ്യക്തതക്കുറവും വിടവുകളും ഉണ്ടാവുന്നത് ആശയക്കുഴപ്പം ഉണ്ടാക്കുന്നതായും നിയമവ്യാഖ്യാനം കോടതികൾക്ക് പ്രയാസമാകുന്നതായും ചീഫ് ജസ്റ്റിസ് പറഞ്ഞുവെക്കുന്നുണ്ട്. സുപ്രീംകോടതി ബാർ അസോസിയേഷൻ സംഘടിപ്പിച്ച സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ സംസാരിക്കവെയാണ് ഇക്കാര്യം അദ്ദേഹം പങ്കുവെച്ചത്.

വേണ്ടത്ര ചർച്ചകളും സെലക്ട് കമ്മിറ്റിയുടെ പരിശോധനയും ഇല്ലാതെ ധൃതിപിടിച്ച് മിനുട്ടുകൾക്കുള്ളിൽ ബില്ലുകൾ പാസ്സാക്കുന്നതിനെതിരെ ഇരുസഭകളിലും ഉയർന്ന ആക്ഷേപങ്ങൾ ശരിവെക്കുന്നതാണ് ചീഫ് ജസ്റ്റിസിന്റെ പ്രസ്താവന. മുമ്പെല്ലാം ബൗദ്ധികവും സൃഷ്ടിപരവുമായ സംവാദങ്ങൾ പാർലമെന്റിൽ നടന്നിരുന്നതായി ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാണിക്കുന്നുണ്ട്. നിയമങ്ങളുടെ ലക്ഷ്യം മനസ്സിലാക്കാൻ ഇത് കോടതികളെ സഹായിച്ചിരുന്നു. എന്നാൽ ഇപ്പോൾ പാർലമെന്റിലെ സ്ഥിതി പരിതാപകരമാണെന്നും എന്തുദ്ദേശിച്ചാണ് നിയമം ഉണ്ടാക്കുന്നതെന്ന് മനസ്സിലാകുന്നില്ലെന്നും അദ്ദേഹം പറയുന്നു.

നിയമങ്ങളിൽ വ്യക്തതയില്ലാത്തതിനാൽ വ്യവഹാരങ്ങളുടെ എണ്ണം കൂടുന്നതായും ചീഫ് ജസ്റ്റിസ് പരിഭവിക്കുന്നുണ്ട്. പാർലമെന്റ് നടപടിക്രമങ്ങൾ തത്സമയം വീക്ഷിക്കുന്നവർക്കെല്ലാം ഇക്കാര്യം ബോധ്യപ്പെടുന്നതാണ്. രാജ്യത്തിന്റെ 60 ശതമാനത്തിന്റെ ശബ്ദത്തിന് യാതൊരു വിലയും പാർലമെന്റിൽ ഉണ്ടാകുന്നില്ല. ആരോഗ്യകരമായ ചർച്ചകൾ ഇല്ലാതെ ബില്ലുകൾ പാസ്സാക്കുന്നത് ഭാവിയിൽ വൻ പ്രതിസന്ധികളാണ് രാജ്യത്ത് ഉണ്ടാക്കുക.

നിയമങ്ങളുടെ കാര്യക്ഷമത അവയുടെ നിർമാണസമയത്തെ ആലോചനകളും ചർച്ചകളുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. അതിൽത്തന്നെ പാർലമെന്ററി ചർച്ചകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. സമീപകാലത്തെ പ്രധാനപ്പെട്ട പല വിഷയങ്ങളിലും കാര്യമായ ചർച്ചകളൊന്നും കൂടാതെ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ നിയമങ്ങൾ പാസ്സാക്കുകയാണ് ചെയ്തിട്ടുള്ളത്. ജമ്മു കാശ്മീർ പുനഃസംഘടനാ ബില്ലുൾപ്പെടെ അതിപ്രധാനവും ഗൗരവമേറിയ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും വിധേയമാക്കേണ്ടതുമായ നിയമങ്ങൾ ചുരുങ്ങിയ സമയത്തിന്റെ ദൈർഘ്യത്തിലാണ് പാസ്സാക്കിയത്. രാജ്യത്തെ നിലവിലുള്ള തൊഴിൽനിയമങ്ങളെല്ലാം പൊളിച്ചെഴുതിക്കൊണ്ട് അവതരിപ്പിച്ച മൂന്ന് ലേബർ കോഡുകൾ പ്രതിപക്ഷത്തിന്റെ അഭാവത്തിലുമാണ് പാസ്സാക്കിയത്. കർഷക ബില്ലിന്റയും പൗരത്വനിയമഭേദഗതി ബില്ലിന്റെയും അവസ്ഥ ഇതുതന്നെയാണ്. ഇത്തരം പ്രവണതകൾ പാർലമെന്ററി ജനാധിപത്യത്തിന് അഭിലഷണീയമല്ല.

അതിനാൽ ഇക്കാര്യം രാജ്യത്തുള്ള ജനാധിപത്യസമൂഹം ഗൗരവപൂർവം ചർച്ച ചെയ്യണം. രാഷ്ട്രീയ പാർട്ടികൾ ഈ വിഷയത്തിൽ ശക്തമായ ബോധവൽക്കരണവും പ്രതിഷേധങ്ങളുമായി മുന്നോട്ട് പോകണം. മാധ്യമങ്ങൾ ആഴത്തിലുള്ള ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കണം. എഴുത്തുകാരും നിയമജ്ഞരും ബുദ്ധിജീവികളും രംഗത്തുവരണം.

### ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# വീണ്ടും പുകയുന്ന അഫ്ഗാൻ

ഭരണസ്ഥിരതയില്ലാത്ത ഒരു രാജ്യത്തിന്റെയും അവിടത്തെ ജനങ്ങളുടെയും അവസ്ഥ അതിദയനീയമായിരിക്കുമെന്നതിൽ സംശയമില്ല. വൈദേശികാധിപത്യം, അഭ്യന്തരകലഹം, ഭരണത്തിനായുള്ള പോരാട്ടം തുടങ്ങിയ കാരണങ്ങളാൽ അഫ്ഗാനിസ്താൻ എന്ന കൊച്ചുരാജ്യം എന്നും അശാന്തിയുടെ തീരമാണ്.

ഇന്നത്തെ രൂപത്തിലുള്ള അഫ്ഗാനിസ്താൻ 1746ൽ നിലവിൽവന്നശേഷം അധികം താമസിയാതെ ബ്രിട്ടീഷുകാർ അവിടെ ആധിപത്യമുറപ്പിച്ചു. 1919ൽ അമാനുള്ള രാജാവിന്റെ കാലത്താണ് ബ്രിട്ടീഷ് ആധിപത്യം അവസാനിച്ചത്. എന്നാൽ ഒരു സുസ്ഥിര ഭരണകൂടം അവിടെയുണ്ടായില്ല. 1933 മുതൽ 1973 വരെ സഹീർഷാ രാജാവിന്റെ കാലത്താണ് ഇവിടെ സ്ഥായിയായ ഭരണകൂടമുണ്ടായിരുന്നത്. 1973ൽ സഹീർ ഷാ ചികിത്സാർഥം വിദേശത്തുപോയപ്പോൾ അർധസഹോദരനും മുൻ പ്രധാനമന്ത്രിയുമായിരുന്ന മുഹമ്മദ് ദാവൂദ് ഖാൻ അദ്ദേഹത്തെ പട്ടാള അട്ടിമറിയിലൂടെ അധികാരഭ്രഷ്ടനാക്കി. പിന്നീടിങ്ങോട്ട് അഫ്ഗാനിസ്താനിൽ അസ്ഥിര ഭരണകൂടങ്ങളുടെ ഘോഷയാത്രയായിരുന്നു. ദാവൂദിനെയും കുടുംബത്തെയും വധിച്ച് കമ്യൂണിസ്റ്റുകൾ 1978ൽ അധികാരം പിടിച്ചു. കമ്യൂണിസ്റ്റ് ഭരണകൂടത്തിനെതിരെയുള്ള മുജാഹിദീൻ സേനയുടെ നീക്കങ്ങൾക്ക് അമേരിക്ക പിന്തുണ നൽകിപ്പോന്നു. ഇതിനു മറുപടിയെന്നോണം 1979ൽ അന്നത്തെ സോവിയറ്റ് യൂണിയൻ അഫ്ഗാന്റെ നിയന്ത്രണം കൈക്കലാക്കി. അമേരിക്ക, പാകിസ്താൻ എന്നീ രാജ്യങ്ങളുടെ പിന്തുണയോടെ മുജാഹിദീനുകൾ നടത്തിയ ചെറുത്തുനിൽപിനെത്തുടർന്ന് 1989ൽ സോവിയറ്റ് സൈന്യം പിൻവാങ്ങി.

സോവിയറ്റ് യൂണിയന്റെ ആധിപത്യത്തിൽനിന്ന് മുക്തമായ ശേഷമെങ്കിലും രാജ്യത്ത് ഉറച്ചഭരണകൂടം നിലവിൽവരുമെന്ന് ലോകം കരുതി. എന്നാൽ മുജാഹിദീൻ വിഭാഗങ്ങൾ തമ്മിലുള്ള ആഭ്യന്തര യുദ്ധങ്ങൾക്കാണ് പിന്നീട് അഫ്ഗാനിസ്താനിൽ കളമൊരുങ്ങിയത്. നീണ്ട പോരാട്ടങ്ങൾക്കൊടുവിൽ തീവ്രനിലപാടുകളുള്ള താലിബാൻ സേന അഫ്ഗാനിസ്താനിൽ ആധിപത്യമുറപ്പിച്ചു. സെപ്റ്റംബർ 11ന് അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർത്തതിനെത്തുടർന്ന് അൽഖായിദക്ക് സംരക്ഷണം നൽകിയെന്ന പേരിൽ അമേരിക്കയും സഖ്യസേനയും താലിബാൻ ഭരണകൂടത്തെ യുദ്ധത്തിലൂടെ പുറന്തള്ളി. ഹമീദ് കർസായിയുടെ നേതൃത്വത്തിലുള്ള പാശ്ചാത്യാനുകൂല സർക്കാർ 2001 അവസാനം മുതൽ രാജ്യത്ത് ഭരണത്തിലേറി.

പിന്നീട് രാജ്യത്ത് നാമമാത്ര തെരഞ്ഞെടുപ്പുകൾ നടക്കുകയും അമേരിക്ക നിർദേശിക്കുന്ന ഭരണകൂടം നിലവിൽ വരികയും ചെയ്തുകൊണ്ടിരുന്നു. ഇത്രയും കാലം സഖ്യസേനയുടെ മേൽനോട്ടം അഫ്ഗാനിലുണ്ടായിരുന്നു. സഖ്യസേനയുടെ സമ്പൂർണമായ പിൻമാറ്റം താമസിയാതെ യാഥാർഥ്യമാകുമെന്ന അവസ്ഥയിലെത്തിയപ്പോൾ അപ്രതീക്ഷിതമായി താലിബാൻ രാജ്യം പിടിച്ചടക്കിയിരിക്കുകയാണ്. അഫ്ഗാൻ സേന ചെറുത്തുനിൽപിന് ശ്രമിക്കാത്തതിനാൽ രക്തച്ചൊരിച്ചിൽ നടന്നിട്ടില്ല എന്നാണ് മാധ്യമങ്ങൾ വ്യക്തമാക്കുന്നത്.

പ്രസിഡന്റ് അഷ്റഫ് ഘാനി രാജ്യം വിട്ടയുടൻ കാബൂളിലെ രാഷ്ട്രപതിയുടെ കൊട്ടാരത്തിലേക്ക് പ്രവേശിച്ചുകൊണ്ട് താലിബാൻ അഫ്ഗാനിന്റെ സമ്പൂർണമായ നിയന്ത്രണം ഉറപ്പുവരുത്തിക്കഴിഞ്ഞു. താലിബാന്റെ ഈ അപ്രതീക്ഷിത നീക്കത്തിനു പിന്നിൽ മറ്റാരുടെയെങ്കിലും പിന്തുണയും പ്രേരണയുമുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത്യാധുനിക യുദ്ധോപകരണങ്ങൾ എവിടെനിന്നാണ് താലിബാനു ലഭിക്കുന്നത് എന്ന ചോദ്യം പ്രസക്തമാണ്. ഒരു കാര്യം ഉറപ്പാണ്; താലിബാനും അൽഖായിദയും ഐഎസുമൊന്നും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും സംരക്ഷകരല്ല. അവർ കൊന്നൊടുക്കിയിട്ടുള്ളതെല്ലാം മുസ്‌ലിംകളെയാണ് എന്നതും തികച്ചും മതവിരുദ്ധമായ പ്രവർത്തനങ്ങളാണ് അവർ ചെയ്തുകൊണ്ടിരിക്കുന്നത് എന്നതുംതന്നെയാണ് അതിനുള്ള പ്രധാന തെളിവ്.

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# വാർധക്യം; ചില ഓർമപ്പെടുത്തലുകൾ

2

**മാ**താപിതാക്കൾക്ക് നന്മചെയ്യലും അവരോടുള്ള കടപ്പാടുകളും സംബന്ധിച്ചുള്ള ഏതാനും ക്വുർആൻ വചനങ്ങൾ നാം കണ്ടു. ഈ വിഷയത്തിൽ ധാരാളം നബിവചനങ്ങളും കാണാവുന്നതാണ്. അവയിൽ ചിലത് കാണുക:

നബി ﷺ പറഞ്ഞതായി അബൂഹുറയ്റ ؓ ഉദ്ധരിക്കുന്നു: "മാതാപിതാക്കളെ (അന്യരുടെ) അടിമകളായി കണ്ടിട്ട് അവരെ വിലകൊടുത്തുവാങ്ങി മോചിപ്പിച്ചാലല്ലാതെ ഒരു സന്താനത്തിന് അവരോട് പ്രത്യുപകാരം ചെയ്യാൻ സാധിക്കുന്നതല്ല" (മുസ്‌ലിം).

അത്രമാത്രം കടപ്പാട് മക്കൾക്ക് മാതാപിതാക്കളോടുണ്ട് എന്നാണ് ഈ വചനം നമ്മെ ബോധ്യപ്പെടുത്തുന്നത്.

നബിﷺ പറഞ്ഞതായി അബൂഹുറയ്റ(റ) വീണ്ടും ഉദ്ധരിക്കുന്നു: "തന്റെ മാതാപിതാക്കളെ ഒരാളെയോ രണ്ടാളെയും തന്നെയോ (അവരുടെ) വാർധക്യ കാലത്ത് തനിക്ക് കിട്ടിയിട്ട് സ്വർഗത്തിൽ പ്രവേശിക്കാൻ സാധിക്കാത്തവൻ നിന്ദ്യനാണ്! നിന്ദ്യനാണ്! നിന്ദ്യനാണ്!" (മുസ്‌ലിം).

വൃദ്ധമാതാപിതാക്കളെ പരിചരിക്കാൻ അവസരം ലഭിച്ചിട്ടും അത് നിർവഹിക്കുന്നതിൽ അലംഭാവം കാണിച്ചവർ വലിയ ഭാഗ്യഹീനരാണെന്ന് ഈ നബിവചനം വ്യക്തമാക്കുന്നു.

മാതാപിതാക്കളെ വെറുപ്പിക്കൽ മഹാപാപങ്ങളിൽ പെട്ടതാണ്. നബിﷺ പറഞ്ഞതായി അബ്ദുല്ലാഹിബ്നുഅംറുബ്നുൽ ആസ്(റ) ഉദ്ധരിക്കുന്നു: "മഹാപാപങ്ങൾ എന്നാൽ, അല്ലാഹുവിനോട് പങ്കുചേർക്കലും മാതാപിതാക്കളെ വെറുപ്പിക്കലും ആളെ കൊലപ്പെടുത്തലും കള്ളസത്യം ചെയ്യലുമാകുന്നു" (ബുഖാരി, മുസ്‌ലിം).

പിതാക്കളെക്കാൾ മാതാക്കളോടാണ് മക്കൾക്ക് കൂടുതൽ കടപ്പാടുള്ളതെന്നും ക്വുർആൻ വചനങ്ങളിൽ നിന്നും നബിവചനങ്ങളിൽനിന്നും മനസ്സിലാക്കാം. ഗർഭകാലത്തും പ്രസവിച്ചശേഷം മുലകുടിപ്രായം കഴിയുന്നതുവരെയും മക്കൾക്കുവേണ്ടി ഏറ്റവുമധികം ബുദ്ധിമുട്ടും കഷ്ടപ്പാടും അനുഭവിക്കുന്നത് മാതാക്കളാണല്ലോ.

സത്യവിശ്വാസികളായ ആളുകൾ തങ്ങളുടെ മാതാപിതാക്കളോട് എത്രമാത്രം സൗമ്യമായും സ്നേഹത്തിലും പെരുമാറേണ്ടതുണ്ടെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ധാർമികമൂല്യങ്ങളും മാനുഷികഗുണങ്ങളും ഓരോരോന്നോരോന്നായി ചവിട്ടിമെതിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, മീതെയുള്ളവരോടു ബഹുമാനവും സമൻമാരോട് സ്നേഹവും താഴെയുള്ളവരോട് കൃപയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, മാതാപിതാക്കളോട് മക്കൾക്ക് പ്രത്യേക കടമകളൊന്നുമില്ലെന്നുവരെ പറയാൻ മടികാണിക്കാത്തവരുള്ള ഇക്കാലത്ത് ഇസ്‌ലാമികപ്രമാണങ്ങളെ അംഗീകരിക്കുന്ന ഓരോ മുസ്‌ലിമും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.

വിവരവും വിദ്യാഭ്യാസവുമുള്ളവരിൽ പോലും വൃദ്ധരായ മാതാപിതാക്കളുടെ നേരെ അനാദരവും അവഗണനയും കാണിക്കുന്നവർ ധാരാളമുണ്ടെന്നുള്ളത് വളരെ ഖേദകരവും ലജ്ജാവഹവുമത്രെ! വാർധക്യത്തിലെത്തിയവർ റോഡരികിലും മറ്റുമൊക്കെയായി ഉപേക്ഷിക്കപ്പെട്ടതിനെ സംബന്ധിച്ച് വന്ന ചില വാർത്തകൾ കാണുക:

"24 വൃദ്ധരായ മാതാപിതാക്കളെ ഉപേക്ഷിച്ചനിലയിൽ കണ്ടെത്തി. അസുഖം ബാധിച്ച് ആശുപത്രിയിൽ കൊണ്ടുവന്നവരെ പലസമയങ്ങളിലായി ബന്ധുക്കൾ ഉപേക്ഷിച്ച് കടന്നുകളയുകയായിരുന്നുവെന്ന് അധികൃതർ പറയുന്നു. തെരുവിൽ ഉപേക്ഷിച്ചനിലയിൽ കണ്ടെത്തിയ ചിലരെ സന്നദ്ധ പ്രവർത്തകരാണ് ആശുപത്രിയിൽ എത്തിച്ചത്. പലരും മാസങ്ങളായി ആശുപത്രിയിലെ അന്തേവാസികളായി കഴിയുകയാണ്. പ്രായാധിക്യംമൂലമുള്ള അസുഖങ്ങൾ ബാധിച്ചവരാണ് ആശുപത്രിയിൽ കഴിയുന്നവരിൽ പലരും. വീടുകളിൽ വിവരമറിയിച്ചിട്ടും ആരും വരാത്ത സാഹചര്യത്തിൽ പ്രശ്നം ജില്ലാ ലീഗൽ അതോറിറ്റിയുടെ ശ്രദ്ധയിലുൾപ്പെടുത്തിയിരിക്കുകയാണ്."

"വൃദ്ധയായ അമ്മയെ മക്കൾ വഴിയിൽ ഉപേക്ഷിച്ചു: തിരുവനന്തപുരം തിരുമലയിൽ വൃദ്ധയായ അമ്മയെ മക്കൾ വഴിയിൽ ഉപേക്ഷിച്ചു. കണ്ണേറ്റുമുക്ക് സരസ്വതി അമ്മയെ(95)യാണ് തിരുമല മഹാദേവ ക്ഷേത്രത്തിനു സമീപം ഉപേക്ഷിച്ചത്. ഇവരെ ഓട്ടോറിക്ഷയിൽ കയറ്റി കൊണ്ടുവന്ന് റോഡരികിൽ കസേരയിട്ട് ഇരുത്തിയശേഷം മക്കൾ കടന്നുകളയുകയായിരുന്നു."

> **സത്യവിശ്വാസികളായ ആളുകൾ തങ്ങളുടെ മാതാപിതാക്കളോട് എത്രമാത്രം സൗമ്യമായും സ്നേഹത്തിലും പെരുമാറേണ്ടതുണ്ടെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നു. ധാർമികമൂല്യങ്ങളും മാനുഷികഗുണങ്ങളും ചവിട്ടിമെതിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, മീതെയുള്ളവരോടു ബഹുമാനവും സമൻമാരോട് സ്നേഹവും താഴെയുള്ളവരോട് കൃപയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന, മാതാപിതാക്കളോട് മക്കൾക്ക് പ്രത്യേക കടമകളൊന്നുമില്ലെന്നുവരെ പറയാൻ മടികാണിക്കാത്തവരുള്ള ഇക്കാലത്ത് ഇസ്‌ലാമികപ്രമാണങ്ങളെ അംഗീകരിക്കുന്ന ഓരോ മുസ്‌ലിമും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.**

"കോതമംഗലം: കോട്ടപ്പടിയിൽ വൃദ്ധമാതാവിനെ ഉപേക്ഷിച്ച് മകൻ വീട് വിട്ടുപോയ സംഭവത്തിൽ വനിതാ കമ്മീഷൻ കേസെടുത്തു. ഏഷ്യാനെറ്റ് ന്യൂസ് വാർത്തയെ തുടർന്നാണ് നടപടി. കോട്ടപ്പടിയിലെ എഴുപതുകാരി സാറാ മത്തായിയെയാണ് മകൻ വീട്ടിൽ ഉപേക്ഷിച്ചത്. സംഭവത്തിൽ പോലീസിനോട് റിപ്പോർട്ട് സമർപ്പിക്കാൻ വനിതാകമ്മീഷൻ ആവശ്യപ്പെട്ടു. വനിതാകമ്മീഷൻ അംഗം ഷിജി ശിവജി, സാറാ മത്തായിയെ സന്ദർശിക്കും. മകൻ അടുക്കള ഉൾപ്പെടെ പൂട്ടി വീടുവിട്ട് പോയതിനാൽ ശുചിമുറിയിൽനിന്ന് വെള്ളമെടുത്താണ് സാറ ഇപ്പോൾ ഭക്ഷണം ഉണ്ടാക്കുന്നത്."

അനേകം വാർത്തകളിൽ രണ്ടുമൂന്നെണ്ണം ഉദാഹരണമായി നൽകിയതാണ് മുകളിൽ വായിച്ചത്. ഇവിടെയാണ് വൃദ്ധരായ മാതാപിതാക്കളോടും വാർധക്യത്തിലെത്തി നിൽക്കുന്നവരോടും എങ്ങനെ പെരുമാറണമെന്ന ഇസ്‌ലാമിക പാഠങ്ങളുടെ പ്രസക്തി വർധിക്കുന്നത്.

അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മനസ്സുകളിലുള്ളത് നല്ലവണ്ണം അറിയുന്നവനാണ്. നിങ്ങൾ നല്ലവരായിരിക്കുന്നപക്ഷം തീർച്ചയായും അവൻ ഖേദിച്ചുമടങ്ങുന്നവർക്ക് ഏറെ പൊറുത്തുകൊടുക്കുന്നവനാകുന്നു" (ക്വുർആൻ 17:25).

മനുഷ്യമനസ്സുകളിലെ വിചാരവികാരങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളുമൊക്കെ വ്യക്തമായി അറിയുന്നവനാണ് അല്ലാഹു. മനുഷ്യൻ സൽകർമങ്ങൾ മുഖേന നല്ലവനായിത്തീരുന്നപക്ഷം സ്വന്തം പാകപ്പിഴവുകളെയും തെറ്റുകുറ്റങ്ങളെയും സംബന്ധിച്ച് ഖേദവും പശ്ചാത്താപവുമുണ്ടായിരിക്കുക എന്നത് അതിന്റെ അനിവാര്യ ഫലമാണ്. ഈ സൂക്തം ചില സൂചനകൾ നൽകുന്നുണ്ട്:

1. മാതാപിതാക്കളോടുള്ള പെരുമാറ്റത്തിലും നയത്തിലും നിങ്ങളുടെ യഥാർഥ മനഃസ്ഥിതി എന്താണെന്ന് അല്ലാഹുവിനു നല്ലപോലെ അറിയാം. അതുകൊണ്ട് ഹൃദയം തീണ്ടാത്ത ബാഹ്യപ്രകടനങ്ങളൊന്നും അവന്റെയടുക്കൽ സ്വീകാര്യമായിരിക്കുകയില്ല.

2. സദുദ്ദേശ്യത്തോടു കൂടിയും ആത്മാർഥതയോടുകൂടിയും നിങ്ങളാൽ കഴിയുന്നവിധം നല്ലനിലയ്ക്ക് നിങ്ങൾ അവരോടു പെരുമാറുന്നതായാൽ, നിങ്ങൾ അറിയാതെയോ നിങ്ങൾക്കു കഴിയാതെയോ വരുന്ന പോരായ്മകളെ അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരും.

കേരളത്തിലെ പ്രഗത്ഭരായ ചില കവികളുടെ കവിതാശലകങ്ങൾ സന്ദർഭോചിതമെന്ന നിലയിൽ താഴെ കൊടുക്കുന്നു:

മാതാവിനെക്കുറിച്ച് 'സാഹിത്യമഞ്ജരി'യിൽ വള്ളത്തോൾ എഴുതി:

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചിടുന്നതൊന്നാമതായ്
മാതാവിൻ വാത്സല്യദുഗ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണവളർച്ച നേടൂ
അമ്മതാൻ തന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായ് തോന്നൂ..."

രമണനിൽ ചങ്ങമ്പുഴയുടെ വരികൾ നമുക്കിങ്ങനെ കാണാം:

"ഒക്കെശ്ശരിതന്നെയെങ്കിലും
നിന്നച്ഛനുമമ്മയും ഓർത്തുനോക്കൂ
പാകതയില്ലാത്ത നമ്മളെക്കാൾ
ലോകപരിചയം നേടി നേടി,
നന്മയും തിന്മയും വേർത്തിരിക്കാൻ
നമ്മളെക്കാളും മനസ്സിലാക്കി,
എന്തു ചെയ്യാനുമഗാധമായി-
ച്ചിന്തിച്ചു ചിന്തിച്ചു മൂർച്ചകൂട്ടി
ഉല്ലസിക്കുന്ന ഗുരുക്കളാണേ
വെള്ളിത്തലമുടിയുള്ള കൂട്ടർ
അമ്മഹാത്മാക്കൾക്കഹിതമായി
നമ്മളൊരിക്കലും ചെയ്തുകൂടാ"

'അൽമവാഹിബുൽജലിയ്യ'യിൽ തഴവ കുഞ്ഞു മുഹമ്മദ് മൗലവി എഴുതുന്നു:

"നിനക്കായവർ ക്ലേശങ്ങളെന്തു സഹിച്ചതാ
അതുപോലെതന്നവരെന്ത് ദുഃഖം തിന്നതാ
കരയാത്ത കണ്ണും കവിഞ്ഞൊഴുകുന്നതാ
നീ രോഗിയായാൽ നൊമ്പരം അവർക്കുള്ളതാ
കൈത്തണ്ടിലിട്ടവരെന്തു താരാട്ടുന്നതാ
നിനക്കുള്ള പുഞ്ചിരി കണ്ടവർ രസിക്കുന്നതാ
ഒലിക്കുന്ന ചുണ്ടിൽതന്നവർ മുത്തുന്നതാ

അവർക്കുള്ള നെഞ്ചും മെത്തപോൽ വിരിച്ചിട്ടതാ
നീ എത്രകാലമതിൽ കിടന്നു സുഖിച്ചതാ
കാണേണ്ട സമയം തെറ്റിയാൽ ക്ഷമയറ്റതാ
ഹബ്സിൽ (തടവറ) അവർ അകപ്പെട്ടപോൽ തോന്നുന്നതാ
അവരെത്ര രാത്രി നിനക്കുറക്കമൊഴിഞ്ഞതാ
വിശപ്പെത്രയോ സഹിച്ചിട്ട് നിന്നെ നിറച്ചതാ
തൻകുഞ്ഞ് പൊൻകുഞ്ഞെന്ന തത്വം സത്യമാ
അത് കാക്കയിൽ നീ നോക്കിയാലും വ്യക്തമാ."

യുദ്ധത്തിന് പോകാൻ അനുവാദം തേടിച്ചെന്ന സ്വഹാബിയോട് താങ്കൾക്ക് വയസ്സായ മാതാപിതാക്കളുണ്ടോ എന്ന് ചോദിക്കുകയും ഉണ്ടെന്ന് മറുപടി പറഞ്ഞപ്പോൾ അവരെ പരിചരിക്കാൻ തിരിച്ചുപോകുവാൻ പറയുകയുമാണ് നബിﷺ ചെയ്തത്. പ്രായമായ മാതാപിതാക്കളെ പരിചരിക്കൽ ജിഹാദിനെക്കാൾ നന്മയുള്ളതാണെന്ന് ഇതിലൂടെ നബിﷺ സമൂഹത്തെ പഠിപ്പിച്ചു.

നബിﷺ അരുളി: "ചെറിയവരോട് കരുണ കാണിക്കാത്തവനും വലിയവരുടെ മഹത്ത്വം മനസ്സിലാക്കാത്തവനും വലിയവരെ ബഹുമാനിക്കാത്തവനും നമ്മിൽ പെട്ടവരല്ല" (തിർമിദി).

ഇസ്‌ലാമിക കർമങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ള നമസ്കാരം സംഘമായി (ജമാഅത്തായി) നിർവഹിക്കുമ്പോൾ പോലും ദുർബലരെ പ്രയാസപ്പെടുത്തുംവിധം ദീർഘമായി ക്വുർആൻ പാരായണം ചെയ്ത് നീട്ടരുതെന്നാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്. പ്രായമായവർ ആരാണെങ്കിലും ദുർബലരായിരിക്കുമല്ലോ.

പ്രായമായ പിതാവിനെയുംകൊണ്ട് നബിﷺയുടെ അടുക്കൽ വന്ന അബൂബക്കർ സിദ്ദീക്വി﵁നോട് നബിﷺ പറഞ്ഞു: "...പിതാവിനെ വീട്ടിൽ നിർത്തിക്കൂടായിരുന്നോ; ഞാൻ അങ്ങോട്ട് വരുമായിരുന്നല്ലോ..." (അഹ്മദ്).

പ്രായമായ പിതാവിനെ തന്റെ അടുത്തേക്ക് കൊണ്ടുവന്നതിനെ നബിﷺ തിരുത്തുകയാണ്. ഞാൻ അങ്ങോട്ട് വന്നുകാണുമായിരുന്നല്ലോ എന്നു നബിﷺ പറഞ്ഞതിൽനിന്നും അദ്ദേഹത്തിന്റെ വിനയവും പ്രായമായവരെ ബഹുമാനിക്കേണ്ടതിന്റെയും പ്രയാസപ്പെടുത്താതിരിക്കേണ്ടതിന്റെയും അനിവാര്യതയും വ്യക്തമാകുന്നു.

പ്രായമായവരെ ബഹുമാനിക്കൽ അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുന്നതിൽ പെട്ടതാണ്.

അബൂമൂസൽ അശ്അരി﵁ നിവേദനം; നബിﷺ പറഞ്ഞു: "മുസ്‌ലിമായ പ്രായംചെന്നവരെ ആദരിക്കൽ അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുന്നതിൽ പെട്ടതാണ്..." (അബൂദാവൂദ്).



അനസ്﵁ നിവേദനം ചെയ്ത ഒരു ഹദീഥിൽ നബിﷺയുടെ തശഹ്ഹുദിലെ പ്രാർഥനകളിൽ ഒന്ന് ഇപ്രകാരമാണ്:

"അല്ലാഹുവേ പിശുക്കിൽനിന്നും, ഉദാസീനതയിൽ നിന്നും, അവശപ്രായത്തിൽ നിന്നും, ക്വബ്റിലെ ശിക്ഷയിൽനിന്നും, ദജ്ജാലിന്റെ കുഴപ്പത്തിൽ നിന്നും, ജീവിതത്തിലെയും മരണത്തിലെയും കുഴപ്പത്തിൽ നിന്നും ഞാൻ നിന്നോടു രക്ഷ തേടുന്നു" (ബുഖാരി).

അതെ, അവശപ്രായത്തിലേക്ക് എത്തിയാൽ വളരെ പ്രയാസങ്ങൾ അനുഭവിക്കേണ്ടിവരും. ദൈനംദിന പ്രാഥമിക കർമങ്ങൾ പോലും സ്വന്തമായി ചെയ്യാൻ കഴിയാത്ത, കാഴ്ചയും കേൾവിശക്തിയും നഷ്ടപ്പെട്ട അവസ്ഥ വല്ലാത്തൊരു പരീക്ഷണം തന്നെയാണ്. സ്വന്തക്കാർക്കുപോലും അത്തരക്കാർ ഭാരമായി മാറും. അല്ലാഹു അത്തരം അവസ്ഥയിൽനിന്ന് നമുക്കെല്ലാം രക്ഷ നൽകുമാറാകട്ടെ. വൃദ്ധമാതാപിതാക്കളോട് കാരുണ്യം കാണിച്ചും അവരെ ശുശ്രൂഷിച്ചും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാൻ ശ്രമിക്കുക.

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com

കവർ സ്റ്റോറി



# മുസ്‌ലിം പ്രീണനം; ദുരാരോപണവും അവകാശധ്വംസനവും

**ഇസ്‌ലാംവെറുപ്പിന്റെ ആഗോളീകരണം ജനാധിപത്യ ഇന്ത്യയെപോലും ഗ്രസിച്ചിരിക്കുന്നു. ഇന്ത്യയിലെ ജനാധിപത്യവും മതേതരത്വവും മതനിരപേക്ഷതയുമെല്ലാം കേവലം മുസ്‌ലിം പ്രീണനങ്ങൾക്കുവേണ്ടി നെയ്തുണ്ടാക്കിയവയാണെന്നാണ് ഉത്തരവാദപ്പെട്ടവർപോലും പറയാതെ പറയുന്നത്. ഒരേസമയം ദേശവിരുദ്ധരെന്ന ആക്ഷേപവും മുസ്‌ലിം പ്രീണനമെന്ന ആരോപണവുമാണ് ഇന്ത്യയിലെ മുസ്‌ലിംകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്.**

"ഒരേസമയം രണ്ട് തരം പീഡനമാണ് മുസ്‌ലിംകൾ ഏൽക്കേണ്ടി വരുന്നത്. ദേശ വിരുദ്ധർ എന്ന ആക്ഷേപവും മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നു എന്ന ആരോപണവും. തങ്ങൾ ദേശവിരുദ്ധരല്ലെന്നും ഭീകരവാദികളല്ലെന്നും ദിവസേന തെളിയിക്കേണ്ട അവസ്ഥയാണ് മുസ്‌ലിംകൾക്കുള്ളത്.''

ബാബരി മസ്ജിദിന്റ ധ്വംസനത്തിന് ശേഷം ഇന്ത്യൻ മുസ്‌ലിംകളിൽ അരക്ഷിതബോധം നിലനിൽക്കുന്നുവെന്ന തിരിച്ചറിവിൽനിന്ന് മുസ്‌ലിം സമുദായത്തിന്റെ പിന്നാക്കാവസ്ഥ പഠിക്കാൻ അന്നത്തെ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ് നിയോഗിച്ച ജസ്റ്റിസ് രജിന്ദർ സച്ചാർ ചെയർമാനായ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ഒരു പരാമർശമാണ് മുകളിൽ വായിച്ചത്.

ഇസ്‌ലാംവെറുപ്പിന്റെ ആഗോളീകരണം ജനാധിപത്യ ഇന്ത്യയിൽപോലും ഉണ്ടാക്കിയ സാമുദായിക ദുരവസ്ഥയാണിത് വരച്ചുകാട്ടുന്നത്. ഇന്ത്യയിലെ ജനാധിപത്യവും മതേതരത്വവും മതനിരപേക്ഷതയുമെല്ലാം കേവലം മുസ്‌ലിം പ്രീണനങ്ങൾക്കുവേണ്ടി നെയ്തുണ്ടാക്കിയവയാണെന്ന് 'മനോഹരമായി' ദുർവ്യാഖ്യാനിക്കുന്ന കാവി ബുദ്ധിജീവികൾ നിവസിക്കുന്ന രാജ്യമാണ് നമ്മുടേത്. 2017ൽ മതത്തിന്റെയും ജാതിയുടെയും പേരിൽ വിവേചനം കാണിക്കുന്നുവെന്ന് പറഞ്ഞ് അന്നത്തെ ഉത്തർപ്രദേശിലെ അഖിലേഷ് യാദവ് സർക്കാറിനെ കുറ്റപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോഡി നടത്തിയ പ്രസംഗത്തിൽ 'മുസ്‌ലിം പ്രീണന'മാണ് രാജ്യത്തെ ഏറ്റവും വലിയ പ്രതിസന്ധിയെന്ന സന്ദേശമാണ് നൽകിയത്. രാജ്യവ്യാപകമായി സംഘപരിവാര മിഷണറികൾ അതിന് പ്രചാരണം നൽകി.

'ഒരു ഗ്രാമത്തിൽ ഖബറിസ്ഥാനുണ്ടെങ്കിൽ അവിടെ ശ്മശാനവും അനുവദിക്കണം. റമദാനും ഈദിനും വൈദ്യുതിയുണ്ടെങ്കിൽ ദീപാവലിക്കും ഹോളിക്കും വൈദ്യുതി നൽകണം' എന്നും അദ്ദേഹം തന്റ പ്രസംഗത്തിൽ വാചാലമായതോടുകൂടി മുസ്‌ലിം സമുദായത്തിന് അധികാരികൾ യഥേഷ്ടം വാരിക്കോരി നൽകുന്നുണ്ടെന്ന വ്യാജവർത്തമാനം രാജ്യമാകെ പടർന്നു. മതനിരപേക്ഷ രാജ്യമായ ഇന്ത്യയുടെ അധികാരസോപാനങ്ങളിലേക്ക് ഇടിച്ചുകയറാൻ കാലങ്ങളായി ബിജെപിയും സംഘപരിവാരങ്ങളും നെയ്തെടുത്ത കള്ളപ്രചാരണങ്ങളുടെ പട്ടികയിൽ ഇത് ഒന്നാം സ്ഥാനത്ത് തന്നെ ഉണ്ടായിരുന്നുവെന്നതാണ് വാസ്തവം. അധികാരികളോടൊപ്പം മറ്റെല്ലാ രാഷ്ട്രീയകക്ഷികളും മുസ്‌ലിംകളെ പ്രീണിപ്പിക്കുകയാണെന്നും അവർ പ്രചാരണം നടത്തുന്നു.

2016ൽ ഉത്തരാഖണ്ഡ് സർക്കാറിനെതിരെ ശിവസേനയും ഇതേ ആരോപണമുന്നയിച്ചിരുന്നു. അവിടുത്തെ മുസ്‌ലിം ഉദ്യോഗസ്ഥൻമാർക്ക് വെള്ളിയാഴ്ച പന്ത്രണ്ടരമുതൽ രണ്ടുമണിവരെ പ്രാർഥനയ്ക്കായി സമയമനുവദിച്ചുവെന്നാണ് അതിനായി അവർ കണ്ടെത്തിയ തെളിവ്. മറ്റു സംസ്ഥാനങ്ങൾ കൂടി ഇതനുകരിക്കാൻ സാധ്യതയുള്ളതിനാൽ പാർലമെന്റിൽ ഉന്നയിക്കുമെന്ന് ശിവസേന നേതാവ് മനീഷാ കായന്തെ പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് അടുത്ത് നടക്കാനിരിക്കെ കോൺഗ്രസിന്റെ രാഷ്ട്രീയ പ്രേരിതമായ നടപടിയാണിതെന്ന് പറഞ്ഞ് വ്യാപകമായ പ്രചാരണവും നടത്തി.

### 'പ്രീണനം:' കേരളീയ പശ്ചാത്തലം

സഹകരണ വകുപ്പ് കാലങ്ങളായി ഓണക്കാലത്ത് നടത്തുന്ന സഹകരണ വിപണിയിൽ 'മുഹർറം ചന്ത' എന്ന നാമം ഏറെ വിവാദങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. ഇതിനെ ചിലർ മുസ്‌ലിം പ്രീണനത്തിനായുള്ള അധികാരികളുടെ തന്ത്രങ്ങളിലൊന്നായി വ്യാഖ്യാനിച്ചു. ചിലരാകട്ടെ വർഗീയ ധ്രുവീകരണത്തിനായി മേമ്പൊടി ചേർത്ത് മറ്റു ന്യൂനപക്ഷങ്ങളെയും ഭൂരിപക്ഷങ്ങളെയും പ്രകോപിപ്പിക്കാനായി ഉപയോഗപ്പെടുത്തുവാൻ ശ്രമിച്ചു. ബിജെപി നേതാവ് പി.കെ കൃഷ്ണദാസ് അതിരൂക്ഷമായി മുഖ്യമന്ത്രിക്കെതിരെ വിമർശനങ്ങളുന്നയിച്ചത് ഇതിന്റ പേരിൽ പ്രീണന രാഷ്ട്രീയം ആരോപിച്ചുകൊണ്ടാണ്. കൺസ്യൂമർ ഫെഡിന്റ വാചകങ്ങളിൽ നിന്ന് ആ പദം നീക്കം ചെയ്തെങ്കിലും

> **ക്രിസ്ത്യൻ സമൂഹത്തിന്റെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ടാണ് മുസ്‌ലിം സമുദായത്തിന് നൽകുന്നതെന്ന അതിക്രൂരമായ ആരോപണമുന്നയിക്കുമ്പോൾ അനർഹമായി നേടിയെടുത്ത് തടിച്ചുകൊഴുത്തവരായി കേരള മുസ്‌ലിം സമൂഹത്തെ ചിത്രീകരിക്കുന്നത് അതിശയകരം തന്നെ! സംസ്ഥാനത്തെ പ്രമുഖ ന്യൂനപക്ഷങ്ങൾ പരസ്പരം കൊമ്പുകോർക്കുന്നത് കാണാൻ കൊതിയോടെ കാത്തിരിക്കുന്നവർക്കൊരു വിഭവമൊരുക്കുന്നതായിപ്പോയി സഭകളുടെ ഇത്തരം വിമർശനങ്ങൾ. മലപ്പുറം ജില്ലയുടെ രൂപീകരവും മുസ്‌ലിം ലീഗിന്റെ മന്ത്രിസഭയിലെ പ്രാധിനിത്യവുമെല്ലാം സമൂഹത്തിലുണ്ടാക്കിയ ചർച്ചയുടെ പൊരുൾ ഇസ്‌ലാംവെറുപ്പിൽനിന്ന് രൂപപ്പെട്ട മനോവൈകൃതമല്ലാതെ പിന്നെയെന്താണ്?**

> **ഇസ്‌ലാംഭീതിയാൽ മസ്തിഷ്കഭ്രമം സംഭവിച്ച സംഘപരിവാരങ്ങളുടെ നുണപ്രചാരണങ്ങൾ സമൂഹമാധ്യമ തമ്പുരാക്കളടക്കമുള്ള കോർപറേറ്റുകൾ ഏറ്റെടുത്തതോടെ മുസ്‌ലിം സമുദായത്തിന്റെ പതിതാവസ്ഥ വിസ്മരിക്കപ്പെടുകയും സാമുദായിക ഔന്നത്യം ആരോപിച്ച് അവകാശങ്ങൾ ധ്വംസിക്കുകയും ചെയ്തു. ഫാഷിസ്റ്റ് വർഗീയ രാഷ്ട്രീയത്തിന് ഒരിക്കലും ഇടംനൽകാത്ത മലയാളി പ്രബുദ്ധതയിൽ പോലും ഇസ്‌ലാം വെറുപ്പ് പടർന്നുകയറിയതായാണ് സമീപകാല സംവരണ ചർച്ചകൾ ബോധ്യപ്പെടുത്തുന്നത്.**

അത്തരം പരാമർശങ്ങളുണ്ടാക്കിയ സാമുദായിക വെറുപ്പ് മായ്ച്ചുകളയാൻ ആർക്ക് സാധിക്കും?

തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലെ വോട്ട് ബാങ്ക് ലക്ഷ്യമാക്കിയുള്ള വാചകക്കസർത്തുകളിൽ താൽകാലികമായി ലാഭം കൊയ്തെടുക്കാമെങ്കിലും അത് സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ ദീർഘദൃഷ്ടിയോടെ കാണാനാവാത്തത് കഴിവുകേടാണെന്ന് പറയാനാവില്ല. കൊളോണിയൽ വ്യവഹാരങ്ങളിൽ മതങ്ങൾക്കും ജാതീയതകൾക്കും വ്യത്യസ്ത സാമൂഹ്യ പദവികളാണ് നൽകിക്കൊണ്ടിരുന്നത്. അധികാരത്തിന്റെ അനശ്വരതയ്ക്ക് നാടിന്റെ അവകാശികളായ ജനത പരസപരം കലഹിച്ചുകൊണ്ടിരിക്കണമെന്നതാണ് ഇത്തരം സാമൂഹ്യ പദവി കൽപിച്ചു നൽകാൻ പ്രേരിപ്പിച്ചത്. സാമ്രാജ്യത്വവിരുദ്ധത ആയിരം തവണ നാവുകളിലൂടെ നിർഗളിച്ചൊഴുകുമ്പോഴും അവരുടെ നയംതന്നെ ഉൽബുദ്ധരായ കേരള ജനതയിലും പ്രയോഗിക്കുന്നത് അധികാരദാഹത്താൽ ബുദ്ധിഭ്രമം സംഭവിച്ചതുകൊണ്ട് തന്നെയാണെന്ന് പറഞ്ഞാൽ അധികമാവില്ല. മദ്‌റസ അധ്യാപകർക്ക് ശമ്പളവും അലവൻസും കേരള സർക്കാർ നൽകുന്നുവെന്ന വ്യാപകമായ പ്രചാരണം സമൂഹമാധ്യമങ്ങളിൽ നിറഞ്ഞാടിയിട്ടും അധികാരികളുടെ കുറ്റകരമായ മൗനം പ്രീണന രാഷ്ട്രീയത്തിന് പുതിയമാനം നൽകുന്നതായിരുന്നു. മുൻ ഡിജിപി അടക്കമുള്ള സംഘപരിവാര ബുദ്ധികേന്ദ്രങ്ങൾ ഏറ്റെടുത്ത് അതിന് പരമാവധി കവറേജ് നൽകിയിട്ടുണ്ടെങ്കിൽ അവരുടെ മാധ്യമങ്ങൾ ഭീകരമായ കഥകളാക്കി വികൃതരൂപം നൽകിയിട്ടുമുണ്ടാകാം.

അധികാരമോഹം പൂവണിഞ്ഞതിനുശേഷം മദ്‌റസാധ്യാപകർക്ക് യാതൊരു സഹായവും സർക്കാർ നൽകിയിട്ടില്ലെന്ന സത്യം വിളിച്ചുപറഞ്ഞപ്പോഴേക്ക് സാമുദായിക ധ്രുവീകരണങ്ങൾക്ക് വേഗത കൂടിയിരുന്നുവെന്നതാണ് സമകാലിക സാഹചര്യങ്ങൾ വിളിച്ചോതുന്നത്. 'ന്യൂനപക്ഷ ക്ഷേമ ഫണ്ടിൽ യാതൊരു തിരിമറിയും നടന്നിട്ടില്ല, മുസ്‌ലിം സമുദായം അനർഹമായി ഒന്നും നേടിയിട്ടില്ല' എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനകൾ ചൂണ്ടിക്കാട്ടി തൃശൂർ അതിരൂപത കത്തോലിക്കാ സഭയുടെ മുഖപത്രം മുസ്‌ലിം പ്രീണനമാണെന്ന് ആരോപിച്ച് അതിരൂക്ഷമായി മുഖ്യമന്ത്രിയെ വിമർശിക്കുന്നതാണ് കേരളജനത കണ്ടത്.

ക്രിസ്ത്യൻ സമൂഹത്തിന്റെ അവകാശങ്ങൾ കവർന്നെടുത്തുകൊണ്ടാണ് മുസ്‌ലിം സമുദായത്തിന് നൽകുന്നതെന്ന അതിക്രൂരമായ ആരോപണമുന്നയിക്കുമ്പോൾ അനർഹമായി നേടിയെടുത്ത് തടിച്ചുകൊഴുത്തവരായി കേരള മുസ്‌ലിം സമൂഹത്തെ ചിത്രീകരിക്കുന്നത് അതിശയകരം തന്നെ! സംസ്ഥാനത്തെ പ്രമുഖ ന്യൂനപക്ഷങ്ങൾ പരസ്പരം കൊമ്പുകോർക്കുന്നത് കാണാൻ കൊതിയോടെ കാത്തിരിക്കുന്നവർക്കൊരു വിഭവമൊരുക്കുന്നതായിപ്പോയി സഭകളുടെ ഇത്തരം വിമർശനങ്ങൾ. മലപ്പുറം ജില്ലയുടെ രൂപീകരവും മുസ്‌ലിം ലീഗിന്റെ മന്ത്രിസഭയിലെ പ്രാധിനിത്യവുമെല്ലാം സമൂഹത്തിലുണ്ടാക്കിയ ചർച്ചയുടെ പൊരുൾ ഇസ്‌ലാംവെറുപ്പിൽനിന്ന് രൂപപ്പെട്ട മനോവൈകൃതമല്ലാതെ പിന്നെയെന്താണ്? വിവിധ രാഷ്ട്രീയകക്ഷികളിൽ ത്യാഗസന്നദ്ധതയോടെ നേതൃത്വം നൽകുന്നവരുടെ പാർലിമെന്ററി പ്രവേശനങ്ങളിൽ മുസ്‌ലിം സമുദായാംഗമായതിനാൽ മാത്രം സംവരണതത്ത്വങ്ങൾ പാലിക്കണമെന്ന് നിഷ്‌കർഷിക്കുന്നതിലേക്ക് പൊതുബോധം രൂപപ്പെട്ടിരിക്കുന്നു. 'ഹസൻ-അമീർ-കുഞ്ഞാലിക്കുട്ടി കൂട്ടുകെട്ട്' സംസ്ഥാനം ഭരിക്കുന്നു എന്നു പറഞ്ഞ് 'ഭീതിപരത്തുന്ന' മുത്തശ്ശിപ്പത്രങ്ങളുടെ ധാർമികരോഷം ഒരു സമുദായത്തോട് മാത്രം നിറഞ്ഞൊഴുകുന്നതിന്റ പൊരുൾ 'ഫോബിയ' അല്ലാതെ മറ്റെന്താണ്? മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാനായി സച്ചാർ സമിതി നിർദേശിച്ച മാർഗങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചതിലെ ആനുകൂല്യങ്ങൾ നൂറ് ശതമാനം നൽകുന്നതിന് പകരം അതിൽനിന്ന് ഇരുപതും പറിച്ചെടുത്ത് ഇതര സമുദായങ്ങൾക്ക് നൽകിയിട്ടും അവശേഷിക്കു

ന്നതുകൂടി എടുത്തുകളയണമെന്ന സംഘപരിവാര ദാർഷ്ഠ്യം പൊതുബോധമായി രൂപപ്പെടുത്തുന്നതിൽ വിജയിച്ചുവെന്നതാണ് ഈ കോലാഹലങ്ങളൊക്കെയും സൂചിപ്പിക്കുന്നത്. അതിനായി ചില ക്രൈസ്തവ ന്യൂനപക്ഷങ്ങൾ അത്തരം ദുഃശക്തികളുടെ ചട്ടുകങ്ങളായെന്ന് മാത്രം.

**മുസ്‌ലിം സമുദായത്തിന്റെ ദയനീയത!**

ഇസ്‌ലാംഭീതിയാൽ മസ്തിഷ്‌കഭ്രമം സംഭവിച്ച സംഘപരിവാരങ്ങളുടെ നുണപ്രചാരണങ്ങൾ സമൂഹമാധ്യമ തമ്പുരാക്കളടക്കമുള്ള കോർപറേറ്റുകൾ ഏറ്റെടുത്തതോടെ മുസ്‌ലിം സമുദായത്തിന്റെ പതിതാവസ്ഥ വിസ്മരിക്കപ്പെടുകയും സാമുദായിക ഔന്നത്യം ആരോപിച്ച് അവകാശങ്ങൾ ധ്വംസിക്കുകയും ചെയ്തു. ഫാഷിസ്റ്റ് വർഗീയ രാഷ്ട്രീയത്തിന് ഒരിക്കലും ഇടംനൽകാത്ത മലയാളി പ്രബുദ്ധതയിൽ പോലും ഇസ്‌ലാംവെറുപ്പ് പടർന്നുകയറിയതായാണ് സമീപകാല സംവരണ ചർച്ചകൾ ബോധ്യപ്പെടുത്തുന്നത്. എന്നാൽ ഇന്ത്യയിൽ മുസ്‌ലിം സമുദായം അതിദയനീയമായ പിന്നാക്കാവസ്ഥയിലാണെന്ന് നിഷ്പക്ഷ പഠനം നടത്തി പരിഹാരം നിർദേശിച്ചുകൊണ്ട് ജസ്റ്റിസ് രജിന്ദർ സച്ചാർ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിൽ വിവരിക്കുന്നുണ്ട്.

സച്ചാർ സമിതിയുടെ കണ്ടെത്തലിലെ ഞെട്ടിക്കുന്ന ചില വിവരങ്ങൾ നമുക്ക് വായിക്കാം:

1) സ്‌കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന മുസ്‌ലിംകൾ നാല് ശതമാനത്തിൽ താഴെയാണ്.

2) മുസ്‌ലിംകൾ കുടുതൽ താമസിക്കുന്ന സ്ഥലങ്ങളിൽനിന്ന് പ്രാഥമിക വിദ്യാലയങ്ങൾ പോലും കിലോമീറ്ററുകൾ ദൂരെയാണ്. അതിനാൽ വലതുപക്ഷപ്രചാരണങ്ങൾക്ക് വിരുദ്ധമായി മദ്‌റസയിൽ പോകുന്നവർ പോലും നാല് ശതമാനത്തോളം മാത്രമാണ്. മുസ്‌ലിം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് മറ്റു സമുദായങ്ങളിലെ കുട്ടികളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. പട്ടിണിയും ദാരിദ്ര്യവും കാരണമായി മിക്ക കുട്ടികളും തൊഴിലെടുക്കുവാൻ നിർബന്ധിതരാവുകയാണ്.

3) സർക്കാർ ജോലികളിലെ മുസ്‌ലിം പ്രാതിനിധ്യം വെറും 4.9 ശതമാനം മാത്രമാണ്! പതിറ്റാണ്ടുകളായി ഇടതുപക്ഷം ഭരിച്ചിരുന്ന പശ്ചിമ ബംഗാളിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മുസ്‌ലിം പ്രാധിനിത്യം പൂജ്യം ശതമാനവും!

4) ഇന്ത്യയിലെ സുരക്ഷാസേനകളിലെ പ്രാതിനിധ്യം വെറും 3.2 ശതമാനം.

5) ജില്ലാന്യായാധിപൻമാരിലെ പ്രാധിനിത്യം വെറും 2.7 ശതമാനം.

6) അരലക്ഷത്തിനും രണ്ടു ലക്ഷത്തിനും ഇടയിൽ ജനസംഖ്യയുള്ള പട്ടണങ്ങളിൽ മുസ്‌ലിംകളുടെ പ്രതിശീർഷ ചെലവ് ഇന്ത്യയിലെ പട്ടികജാതി, പട്ടികവർഗക്കാരുടേതിനെക്കാൾ കുറവാണ്. പശ്ചിമ ബംഗാൾ, ആന്ധ്രപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവിടങ്ങളില്ലെലാം ഇതാണ് അവസ്ഥ.

7) പലിശയിളവ് നിരക്കിൽ വായ്പ കിട്ടിയത് 3 ശതമാനത്തിൽ താഴെ മുസ്‌ലിംകൾക്കാണ്. കടുത്ത ദാരിദ്ര്യത്തിലുള്ളവരെ പട്ടിണിയിൽനിന്നും രക്ഷിക്കാനുള്ള അന്ത്യോദയ പദ്ധതിയിൽ ആനുകൂല്യം കിട്ടിയതു വെറും 1.9 ശതമാനത്തിനും!

8) മുസ്‌ലിം കർഷകരിൽ 2.1 ശതമാനത്തിനേ ട്രാക്ടറുള്ളൂ. കൃഷിക്ക് ജലസേചനത്തിന് സ്വന്തമായി കുഴൽക്കിണർ ഉള്ളവർ 1 ശതമാനം മാത്രമാണ്.

9) കണ്ണുതുറപ്പിക്കുന്ന മറ്റൊരാവശ്യം കൂടിയുണ്ട്: 'ഗർഭനിയന്ത്രണത്തിനും ആധുനിക ഗർഭനിരോധന മാർഗങ്ങൾക്കുമുള്ള ഗണ്യമായ ആവശ്യം സമുദായത്തിൽനിന്നുമുണ്ട്.' 20 ദശലക്ഷത്തിലേറെ ദമ്പതികൾ ഇപ്പോൾത്തന്നെ ഗർഭനിരോധന മാർഗങ്ങൾ ഉപയോഗിക്കുന്നവരാണ്. 'ഗർഭധാരണം കുറഞ്ഞതോടെ മുസ്‌ലിം ജനസംഖ്യാവർധനവിലും കുറവുണ്ടായിട്ടുണ്ട്.' മുസ്‌ലിംകൾ വലിയ തോതിൽ കുട്ടികളുണ്ടാക്കി ഹിന്ദുജനസംഖ്യയെ മറികടക്കാനുള്ള ഗൂഢാലോചനയാണെന്നും ഹിന്ദുക്കൾ ന്യൂനപക്ഷമാകുമെന്നുമുള്ള ഹീനമായ ഫാസിസ്റ്റ് പ്രചാരണത്തിന്റെ പൊള്ളത്തരം വിളിച്ചുപറയുന്നതാണ് ഈ കണക്കുകൾ!

10) മുസ്‌ലിംകൾ എവിടെയെങ്കിലും ഹിന്ദുക്കളുടെ എണ്ണത്തെ കവച്ചുവെക്കും എന്ന കണക്കുകൾ സൂചിപ്പിക്കുന്നുണ്ടെങ്കിൽ അത് തടവുകാരുടെ എണ്ണത്തിൽ മാത്രമാണ് (യുഎസിലെ കറുത്ത വർഗക്കാരെ പോലെ).

11) മുസ്‌ലിംകളുടെ പൊതുവായ പരാതി അവർ രണ്ട് അപകടങ്ങൾ നേരിടുന്നു എന്നാണ്. 'ദേശവിരുദ്ധർ' എന്നു മുദ്രകുത്തപ്പെടുന്നു, പിന്നെ 'പ്രീണനം' എന്ന ആരോപണവും. അവരെ ഒരിക്കലും തുല്യാവകാശങ്ങളുള്ള ഇന്ത്യൻ പൗരന്മാരായി തോന്നിപ്പിക്കാതിരിക്കാനുള്ള, വളരെ ആഴത്തിൽ കണക്കുകൂട്ടിയുള്ള നീക്കമാണത്.

വൈദേശിക കൊളോണിയൽ ആധിപത്യത്തിൽനിന്ന് ഇന്ത്യാമഹാരാജ്യത്തിന്റെ വിമോചനത്തിനായി ജീവാർപ്പണം ചെയ്യാൻ തയ്യാറുള്ള ഒട്ടേറെ പേരെ സംഭാവന ചെയ്ത ഒരു സമുദായത്തെ സ്വാതന്ത്ര്യാനന്തരവും ദയനീയമായ പിന്നോക്കാവസ്ഥയിൽ തളച്ചിടുന്നതിൽ അധികാരിവർഗങ്ങൾ അതീവ ജാഗ്രത പുലർത്തുകയാണ്. എന്നിട്ടും ഇല്ലാത്ത മേൽക്കോയ്മ കൽപിച്ചുനൽകി മുസ്‌ലിം സമുദായത്തിന്റെ ആനുകൂല്യങ്ങളെല്ലാം ബാലിശമായ വാദങ്ങളുയർത്തി അൽപാൽപമായി പിടിച്ചെടുക്കുന്നതിൽ ഇടതു-വലത് രാഷ്ട്രീയ പക്ഷങ്ങൾ മൽസരിക്കുകയാണ്.

## കേരളത്തിന്റെ മുസ്‌ലിം പിന്നാക്ക പരിസരം

മുസ്‌ലിം പിന്നാക്കാവസ്ഥ പരിഹരിക്കാനായി സച്ചാർ സമിതി നിർദേശങ്ങൾ നടപ്പിലാക്കുന്നതിന്റ ഭാഗമായ വി.എസ് അച്ചുതാനന്ദൻ സർക്കാർ അന്നത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ ഒരു സമിതി രൂപീകരിക്കുകയുണ്ടായി. സച്ചാർ റിപ്പോർട്ടിൽ പരാമർശിച്ച മുസ്‌ലിം പിന്നാക്കാവസ്ഥ പ്രത്യേകം എടുത്തുപറഞ്ഞ് കൊണ്ടാണ് പാലോളി കമ്മിറ്റിയും റിപ്പോർട്ട് സമർപ്പിച്ചത്.

ക്രൈസ്തവ സമൂഹത്തോട് താരതമ്യം ചെയ്ത് മുസ്‌ലിം വിദ്യാഭ്യാസ നിലവാരം വളരെ പിറകിലാണെന്ന് അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നാക്കാവസ്ഥയും ജനസംഖ്യയും പരിഗണിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആനുപാതികമായി മുസ്‌ലിംകൾക്ക് ലഭിച്ചിട്ടില്ലന്ന വസ്തുതയും അതിൽ പരാമർശിച്ചിട്ടുണ്ട്. കേരള ജനസംഖ്യയുടെ 26% ഉള്ള മുസ്‌ലിംകൾ സർക്കാർ സർവീസിൽ 11% മാത്രമാണെന്നും പ്രത്യേക പരാമർശമുണ്ട്. മദ്‌റസാധ്യാപകരുടെ ദയനീയ ജീവിതനിലവാരവും അവർക്ക് ക്ഷേമബോർഡ് രൂപീകരിക്കേണ്ടതിന്റ ആവശ്യകതയും ചൂണ്ടിക്കാണിക്കുന്നു. മുസ്‌ലിം സമുദായം ഏറെ മുന്നിലെന്ന് വരുത്താൻ മാധ്യമങ്ങളും സാംസ്‌കാരിക നായകൻമാരുമെല്ലാം മഷി വിതറുമ്പോഴും നിഷ്പക്ഷമായ പഠനങ്ങൾ കൃത്യമായ സത്യം ബോധ്യപ്പെടുത്തുന്നുണ്ട്.

മുസ്‌ലിംകൾ കൂടുതലായി താമസിക്കുന്ന മലബാർ ഏരിയകളിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ തന്നെ മുസ്‌ലിം സമുദായത്തെ പിന്നാക്കാവസ്ഥയിൽ തളച്ചിടാനുള്ള ശ്രമം അന്തർധാരയിൽ സജീവമാണെന്ന് ബോധ്യപ്പെടും. ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കാത്ത വിദ്യാർഥികൾ തെക്കൻ ജില്ലകളെ അപേക്ഷിച്ച് മലബാർ ജില്ലകളിൽ കൂടുതലാണ്. മാത്രമല്ല തെക്കൻ ജില്ലകളിൽ പ്ലസ്‌വൺ സീറ്റുകൾ അധികമാവുകയും ഒഴിഞ്ഞ് കിടക്കുകയും ചെയ്യുമ്പോൾ മലബാറിൽ സീറ്റുകൾ ലഭിക്കാതെ തുടർപഠനം മുടങ്ങിയവർ ധാരാളമാണ്. മലപ്പുറം ജില്ലയിൽ മാത്രം 25000ൽ അധികം വിദ്യാർഥികൾ പുറത്താണ്.

തിരുവനന്തപുരം 916, കൊല്ലം 1783, പത്തനംതിട്ട 6130, ആലപ്പുഴ 3126, കോട്ടയം 4747, ഇടുക്കി 1942, എറണാകുളം 849 എന്നിങ്ങനെ പ്ലസ്‌വൺ അധിക സീറ്റുകളുണ്ട്. അത്രയും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുവെന്നർഥം!

എന്നാൽ മലപ്പുറം 28804, തൃശൂർ 830, പാലക്കാട് 9695, കോഴിക്കോട് 9513, വയനാട് 1804, കണ്ണൂർ 4670, കാസർകോഡ് 3352; ഇത്രയും വിദ്യാർഥികൾക്ക് പ്ലസ്‌വൺ പ്രവേശനത്തിന് സീറ്റില്ല. തീർത്തും പക്ഷപാതപരമായ സമീപനം അധികാരികളിൽനിന്നുണ്ടാവുന്നത് വളരെ ഖേദകരമാണ്.

കോളേജ് വിദ്യാഭ്യാസത്തിന്റെ സ്ഥിതി ഇതിനെക്കാളും ഭയാനകമാണ്. കാര്യങ്ങൾ ഇത്ര പരി



താപകരമായിരുന്നിട്ടും വർഗീയ കോമരങ്ങൾ ചില ഇതര ന്യൂനപക്ഷങ്ങളെ പ്രകോപിപ്പിച്ച് തങ്ങളുടെ അജണ്ടകൾ നടപ്പിലാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി സമുദായത്തിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിലെ 80:20 കോടതിയിൽ ചോദ്യംചെയ്ത് തടഞ്ഞുവെച്ചിരിക്കുകയാണ്.

വിദ്യാഭ്യാസ സംവരണത്തിലെ തിരിമറിയിൽ പ്രതിഷേധിച്ച് മുസ്‌ലിം സംഘടനകൾ ഒന്നിച്ച് പ്രതിഷേധിച്ചിട്ടും വിദ്യാഭ്യാസ വകുപ്പ് ന്യൂനപക്ഷ ക്ഷേമങ്ങളിൽനിന്ന് പുറംതിരിഞ്ഞ് വീണ്ടും ഉത്തരവുകളിറക്കിക്കൊണ്ടിരിക്കുകയാണ്. 2020-21 അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശം കമ്യൂണിറ്റിക്കോട്ട സംബന്ധിച്ച ഉത്തരവ് സംശയമുണ്ടാക്കുന്നതും ന്യൂനപക്ഷങ്ങൾക്ക് ആശങ്കയുണ്ടാക്കുന്നതുമാണ്.

### സാമൂഹിക പുരോഗതി സാധ്യമാകണം

വൈവിധ്യവും വ്യത്യസ്തയും ഇന്ത്യയുടെ സൗന്ദര്യമാണ്. ഓരോ വിഭാഗം ജനതയിലും അവരുടെ ജീവിതസാഹചര്യങ്ങളനുസരിച്ച് പുരോഗതിയും അധോഗതിയുമുണ്ടാകും. എല്ലാവരുടെയും ജീവിതനിലവാരം ഒരുപോലെ ഉയരുമ്പോഴാണ് ആ രാജ്യം വികസിക്കുന്നത്. ഏതെങ്കിലും ഒരു വിഭാഗം അധഃസ്ഥിതരായി നിലകൊള്ളുന്നുവെങ്കിൽ രാജ്യത്തിന്റെ വികസനം പൂർണമാകില്ലെന്നർഥം. അതുകൊണ്ടാണ് അമേരിക്കൻ പ്രസിഡന്റായിരുന്ന ഡൊണാൾഡ് ട്രംപിന്റെ ഇന്ത്യാസന്ദർശനവേളയിൽ ഗുജറാത്തിൽ വൻ മതിൽ കെട്ടി ദരിദ്രരായ നിവാസികളെ മറച്ചുവെക്കാൻ ശ്രമിക്കേണ്ടിവന്നത്.

ന്യൂനപക്ഷ, ഭൂരിപക്ഷഭേദമന്യെ ഒരുപോലെ എല്ലാവരുടെയും സാമൂഹ്യനിലവാരം ഉയർത്തുന്ന വിധം ഭരണം സക്രിയമാകണമെന്ന നിർബന്ധം രാഷ്ട്രനിയമനിർമാണത്തിന് നേതൃത്വം നൽകിയ നേതാക്കൾക്കുണ്ടായിരുന്നു. അതിനായാണ് അവർ മഹത്തായ ഒരു ഭരണഘടന വിഭാവനം ചെയ്തത്. 1946 ഡിസംബറിൽ ഭരണഘടനാ ഡ്രാഫ്റ്റിന്റെ ആശയാടിത്തറ വിശദീകരിച്ചുകൊണ്ട് നെഹ്റു പറഞ്ഞു: "പൗരൻമാർക്ക് രാഷ്ട്രീയമായും സാമൂഹികമായും സാമ്പത്തികമായും തുല്യ പദവി ഉറപ്പാക്കുന്ന പരമാധികാര റിപ്പബ്ലിക്കായിരിക്കും ഇന്ത്യ. ചിന്തക്കും ആവിഷ്കാരത്തിനും കൂട്ടായ്മക്കും ആരാധനക്കും ജോലിക്കുമുള്ള സ്വാതന്ത്ര്യം തുല്യമായിരിക്കും; എന്ന് മാത്രമല്ല ന്യൂനപക്ഷങ്ങൾക്കും പിന്നാക്ക, ഗോത്ര വിഭാഗങ്ങൾക്കും മതിയായ പരിരക്ഷ ഉറപ്പുനൽകും."

അതുകൊണ്ടാണ് ഭരണഘടന ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹികാസമത്വങ്ങളെ ഇല്ലായ്മ ചെയ്യുന്ന പരിവർത്തന സംവിധാനം കൂടിയാണെന്ന് ചിന്തകർ അഭിപ്രായപ്പെട്ടത്.

> **"വൈവിധ്യവും വ്യത്യസ്തയും ഇന്ത്യയുടെ സൗന്ദര്യമാണ്. ഓരോ വിഭാഗം ജനതയിലും അവരുടെ ജീവിതസാഹചര്യങ്ങളനുസരിച്ച് പുരോഗതിയും അധോഗതിയുമുണ്ടാകും. എല്ലാവരുടെയും ജീവിതനിലവാരം ഒരുപോലെ ഉയരുമ്പോഴാണ് ആ രാജ്യം വികസിക്കുന്നത്. ഏതെങ്കിലും ഒരു വിഭാഗം അധഃസ്ഥിതരായി നിലകൊള്ളുന്നുവെങ്കിൽ രാജ്യത്തിന്റെ വികസനം പൂർണമാകില്ലെന്നർഥം. അതുകൊണ്ടാണ് അമേരിക്കൻ പ്രസിഡന്റായിരുന്ന ഡൊണാൾഡ് ട്രംപിന്റെ ഇന്ത്യാസന്ദർശനവേളയിൽ ഗുജറാത്തിൽ വൻ മതിൽ കെട്ടി ദരിദ്രരായ നിവാസികളെ മറച്ചുവെക്കാൻ ശ്രമിക്കേണ്ടിവന്നത്."**

ഈ തത്ത്വം പ്രായോഗികമാക്കാനായി ഭരണഘടന നിർദേശിച്ച കാര്യങ്ങളാണ് സംവരണവും ഭരണരംഗത്തെ മറ്റു ആനുകൂല്യങ്ങളും. പിന്നാക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് പരിഹാരം നിർദേശിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കാമെന്ന ഭരണഘടനയിലെ 340ാം വകുപ്പിന്റെ നിർദേശമനുസരിച്ചാണ് സച്ചാർ സമിതിയും പാലോളി കമ്മിറ്റിയുമെല്ലാം നിലവിൽവന്നത്. നിഷ്പക്ഷമായി അവർ അവതരിപ്പിച്ച പ്രശ്നപരിഹാര മാർഗങ്ങൾ നടപ്പിലാക്കേണ്ടത് ഭരണാധികാരികളുടെ ചുമതലയാണ്. അത് നടപ്പിൽ വരുത്തുന്നതിന് പകരം മറ്റുള്ളവരുടെ ദുർന്യായങ്ങളും അനാവശ്യമായ വാശിയുമെല്ലാം ഏറ്റുപിടിച്ച് അർഹരായവരുടെ അവകാശങ്ങൾ നിഷേധിക്കുകയല്ല വേണ്ടത്. ന്യൂനപക്ഷങ്ങളുടെ പരിരക്ഷ ഉറപ്പാക്കുവാനുള്ള ശ്രമവും പദ്ധതികളുമാണ് അനിവാര്യമായിട്ടുള്ളത്. അതിനു സാധ്യമല്ലെങ്കിൽ ഭരണരംഗത്തും സാമൂഹിക, സാമ്പത്തിക രംഗത്തും സംസ്ഥാനത്തെ എല്ലാ സമുദായങ്ങളുടെയും നിലവിലെ അവസ്ഥ സത്യസന്ധമായി വിശദീകരിക്കുന്ന ധവളപത്രമെങ്കിലും ഇറക്കാൻ തയ്യാറാകണം.

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com

ലേഖനം




# ജീവനും ജീവിതവും

ഭൂമിയിലെ ഉൽകൃഷ്ട സൃഷ്ടിയാണ് മനുഷ്യൻ. നന്മകൾ ചെയ്ത് ഉന്നതനാവാനും തിന്മകൾ ചെയ്ത് അധമനാവാനും അവന് സാധിക്കും. മനുഷ്യന് ദൈവം നൽകിയ അമൂല്യനിധിയാണ് ഇഹലോകത്തെ ജീവിതം. ഒരു മനുഷ്യനും തന്റെ ഇഷ്ടപ്രകാരമല്ല ഈ ലോകത്ത് മാതാവിന്റെ ഗർഭാശയത്തിൽനിന്ന് പിറന്നുവീണത്, മറിച്ച് ഭൂമിയിൽ മനുഷ്യന് എല്ലാവിധ സുഖസൗകര്യങ്ങളും സംവിധാനിച്ച ദൈവത്തിന്റെ തീരുമാനപ്രകാരമാണത് സംഭവിച്ചത്. അതുകൊണ്ട്തന്നെ ദൈവാനുഗ്രഹമായ ഈ ജീവനും ജീവിതവും മനുഷ്യൻ വിചാരിക്കുമ്പോൾ അവസാനിപ്പിക്കാവതല്ല. മാനവർക്കായി സ്രഷ്ടാവ് അവതരിപ്പിച്ച സത്യമതത്തിന്റെ പ്രമാണങ്ങൾ ഇതാണ് പഠിപ്പിക്കുന്നത്. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:

"നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു" (അന്നിസാഅ്: 29).

"അല്ലാഹു പവിത്രത നൽകിയിട്ടുള്ള ജീവനെ ന്യായപ്രകാരമല്ലാതെ നിങ്ങൾ ഹനിക്കരുത്. അക്രമത്തിനു വിധേയനായി വല്ലവനും കൊല്ലപ്പെടുന്നപക്ഷം അവന്റെ അവകാശിക്ക് നാം (പ്രതികാരം ചെയ്യാൻ) അധികാരം വെച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ അവൻ കൊലയിൽ അതിരുകവിയരുത്. തീർച്ചയായും അവൻ സഹായിക്കപ്പെടുന്നവനാകുന്നു" (അൽഇസ്റാഅ്: 33).

"(നബിയേ,) പറയുക: നിങ്ങൾ വരൂ! നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെമേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് ഞാൻ പറഞ്ഞുകേൾപിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യണം. ദാരിദ്ര്യം കാരണമായി സ്വന്തം മക്കളെ നിങ്ങൾ കൊന്നുകളയരുത്..." (അൽഅൻആം: 151).

"ദാരിദ്ര്യഭയത്താൽ നിങ്ങൾ നിങ്ങളുടെ കുഞ്ഞുങ്ങളെ കൊന്നുകളയരുത്. നാമാണ് അവർക്കും നിങ്ങൾക്കും ഉപജീവനം നൽകുന്നത്. അവരെ കൊല്ലുന്നത് തീർച്ചയായും ഭീമമായ അപരാധമാകുന്നു"(അൽഇസ്റാഅ്: 31).

നമ്മുടെ നാട്ടിൽ നിസ്സാര കാര്യങ്ങൾക്ക് പോലും ആത്മഹത്യ ചെയ്തു ജീവിതം അവസാനിപ്പിക്കുന്ന പ്രവണത നാൾക്കുനാൾ കൂടിവരികയാണ്. ദിവസങ്ങൾക്ക് മുമ്പ് പരിചയപ്പെട്ട കാമുകന് സ്വയം സമർപ്പിച്ച് അവസാനം വഞ്ചിക്കപ്പെടുമ്പോൾ ഒരു മുഴം കയറിലോ, ഒരു തുള്ളി വിഷം കഴിച്ചോ, ട്രെയ്നിന് മുന്നിൽ ചാടിയോ, കായലിൽ ചാടിയോ ജീവിതം അവസാനിപ്പിക്കുന്നവർ... ഇഷ്ടപ്പെട്ടവർ മരണപ്പെടുകയോ, വധിക്കപ്പെടുകയോ ചെയ്യുമ്പോൾ അതിൽ മനംനൊന്ത് ജീവിതം അവസാനിപ്പിക്കുന്നവർ, പരീക്ഷയിൽ പ്രതീക്ഷിച്ച വിജയം ലഭിച്ചില്ലെങ്കിൽ, മാതാപിതാക്കൾ ഗുണദോഷിച്ചാൽ, അധ്യാപകർ ഉപദേശിക്കുമ്പോൾ, പണം കടംവാങ്ങിയ ശേഷം തിരിച്ചുനൽകാൻ കഴിയാതിരിക്കുമ്പോൾ, ജോലി നഷ്ടപ്പെടുകയോ ലഭിക്കാതിരിക്കുകയോ ചെയ്യുമ്പോൾ, ഇഷ്ടപ്പെട്ടവരിൽനിന്ന് പ്രതീക്ഷിക്കാത്തവിധത്തിലുള്ള സമീപനം കാണുമ്പോൾ, രോഗം പിടിപെട്ടാൽ, ഗെയ്മിൽ പരാജയപ്പെടുമ്പോൾ, മൊബൈൽ ഫോൺ ലഭിക്കാത്തതിനാൽ... തുടങ്ങി പലവിധ കാരണങ്ങളാൽ സ്ത്രീകളും പുരുഷന്മാരും കുട്ടികളുമെല്ലാം ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നതായി കണ്ടുവരുന്നു.

ഇവരെല്ലാം ജീവന്റെ വിലയറിഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചുപോവുകയാണ്. ഈയടുത്താണല്ലോ ഒരുവയസ്സ് പ്രായമായ കുഞ്ഞിന്റെ ജീവൻ രക്ഷിക്കുവാനായിയുള്ള ഒരു ഡോസ് മരുന്നിനു വേണ്ടി കേരളജനത ഒന്നിച്ചു പരിശ്രമിച്ച് പതിനെട്ട് കോടി രൂപ സമാഹരിച്ചത്. ഇങ്ങനെ എത്ര കോടി

കൾ പലരുടെയും ജീവനുവേണ്ടി മനുഷ്യർ ചെലവഴിക്കുന്നു...!

സഹജീവികളോട് കരുണ കാണിക്കുക എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കുന്ന എത്രയോ സാമൂഹ്യസേവന സംഘങ്ങളുണ്ട് നമ്മുടെ നാട്ടിൽ. അവയുടെ പ്രവർത്തകർ എത്രസമയം ചെലവഴിക്കുന്നു, എത്ര കോടികൾ സംഘടിപ്പിക്കുന്നു ജീവൻ രക്ഷിക്കുവാനും മറ്റു പ്രയാസങ്ങൾ അകറ്റാനുമായി!

കിഡ്നി തകരാറിലായ രോഗികളുടെ ജീവൻ അൽപകാലത്തേക്കെങ്കിലും പിടിച്ചുനിർത്താനായി ഡയാലിസിസ് ചെയ്യുവാൻ അവരുടെ ബന്ധുക്കൾ എത്ര ലക്ഷങ്ങളാണ് ചെലവഴിക്കുന്നത്!

നമ്മൾ അബോധാവസ്ഥയിലാണെങ്കിലും മിടിച്ചുകൊണ്ടിരിക്കുന്ന ഹൃദയം ഒന്ന് നിലയ്ക്കുകയോ, അതിലേക്കുള്ള രക്തക്കുഴലുകൾ ഒന്ന് അടഞ്ഞ് പോവുകയോ ചെയ്താലുള്ള ചികിൽസ വളരെ ചെലവേറിയതാണെന്ന് നമുക്കറിയാമല്ലോ.

ഏതെങ്കിലും അവയവത്തിന് ക്യാൻസർ ബാധിച്ചാൽ രോഗി അനുഭവിക്കുന്ന മനാസികവും ശാരീരികവുമായ വേദന എത്രയാണ്! അതിന്റെ ചികിത്സ എത്ര ചെലവേറിയതാണ്!

ഓരോ രാജ്യവും തങ്ങളുടെ പൗരന്മാരുടെ ആരോഗ്യ സംരക്ഷണത്തിനായി ദിവസവും ചെലവഴിക്കുന്നത് എത്ര കോടികളായിരിക്കും! ആരോഗ്യ പരിപാലനത്തിനായി ഉണ്ടാക്കുന്ന മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ, അനുബന്ധ സ്ഥാപനങ്ങൾ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ, നഴ്സുമാർ... എത്രയെത്ര!

രാഷ്ട്ര നായകരുടെയും ഉന്നതരുടെയും ജീവൻ സംരക്ഷിക്കാൻ ഓരോ രാജ്യവും ചെലവഴിക്കുന്ന കോടികൾ എത്രയായിരിക്കുമെന്ന് നാം ആലോചിച്ചിട്ടുണ്ടോ?

കളിക്കുന്നതിനിടയിൽ അബദ്ധത്താൽ കുഴൽക്കിണറിൽ കുട്ടികൾ വീണതിന്റെ ദയനീയ വാർത്തകൾ ധാരാളം നാം കേട്ടിട്ടുണ്ട്. ആ കുരുന്നു ജീവനുകളെ രക്ഷിക്കാൻ ഭീമമായ തുകകൾ ചെലവഴിക്കാറുണ്ട്. എന്നാലും മിക്ക ശ്രമങ്ങളും പരാജയപ്പെറാണ് പതിവ്.

പുഴയിൽ കുളിക്കാനിറങ്ങി ശക്തമായ ചുഴിയിലോ അടിയൊഴുക്കിലോ പെട്ടവരെ രക്ഷിക്കുവാനോ, മുങ്ങിമരിച്ചവരുടെ ജഡം കണ്ടെത്തുവാനോ ആയി എത്രയാളുകൾ എത്ര സമയമാണ് പാടുപെടാറുള്ളത്!

പ്രകൃതിദുരന്തങ്ങളും വാഹനാപകടങ്ങളും ഉണ്ടാകുമ്പോൾ ജീവൻ രക്ഷാപ്രവർത്തനങ്ങൾക്കായി എത്ര സമ്പത്തും സമയവുമാണ് ചെലവഴിക്കപ്പെടുന്നത്!

കൊലപാതകങ്ങൾ നടത്തിയവരെ കണ്ടുപിടിക്കാനായി ഓരോ രാജ്യത്തും പ്രവർത്തിക്കുന്ന കുറ്റാന്വേഷണ വിഭാഗം ചെലവഴിക്കുന്ന സയമയവും സമ്പത്തും എത്രയാണെന്ന് നാം ആലോചിച്ചിട്ടുണ്ടോ?

ലോകത്തെയാകമാനം പിടിച്ചുകുലുക്കിയ 'കോവിഡ്-19' എന്ന മഹാമാരിയിൽനിന്ന് മനുഷ്യരെ രക്ഷിക്കാൻ ഓരോ രാജ്യവും എത്ര ദിവസമാണ് ലോക്ക്ഡൗൺ എന്ന പേരിൽ അടച്ചിട്ടത്. അക്കാരണത്താൽ എത്ര കോടികളായിരിക്കും ഓരോ രാജ്യത്തിനുമുണ്ടായ നഷ്ടം! എത്ര സമ്പത്തായിരിക്കും രോഗനിർണയത്തിനും പ്രതിരോധ കുത്തിവയ്പിനും മറ്റുമായി ചെലവഴിച്ചിരിക്കുക!

അപ്പോൾ ചിന്തിക്കുക; ഓരോ മനുഷ്യജീവന്റെയും വിലയെത്രയാണെന്ന്. ഇത്രയും മൂല്യവും വിലയുമുള്ള ഈ ജീവനും ജീവിതവും ചെറുതോ വലുതോ ആയ പ്രശ്നങ്ങൾ കാരണത്താൽ ഹനിക്കൽ എത്രമാത്രം വലിയ പാതകമാണ്!

മനസ്സിനെ നിയന്ത്രിക്കാനുള്ള കഴിവ് ആർജിച്ചെടുത്താലേ ഈ വിപത്തിൽനിന്ന് രക്ഷപ്പെടാനാവൂ. വിശ്വാസികൾക്ക് മനസ്സിനെ നിയന്ത്രിക്കാനാവുക ദൈവസ്മരണയിലൂടെയാണ്. വിശുദ്ധ ക്വുർആൻ പറയുന്നത് കാണുക:

"അതായത് വിശ്വസിക്കുകയും അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (അർറഅ്ദ്: 28).


വിശ്വാസികൾക്ക് മനസ്സിനെ നിന്ത്രിക്കാനുള്ള മാർഗങ്ങളിൽ പെട്ടതാണ് പരലോക ചിന്തയെന്നത്; നമുക്ക് ജീവനും ജീവിതവും നൽകിയതാരോ അവൻ ഇവിടെയുള്ള പ്രയാസങ്ങളിൽ ക്ഷമ കൈക്കൊണ്ടു ജീവിച്ചവർക്ക് തക്കതായ പ്രതിഫലം നാളെ പരലോകത്തുവെച്ച് നൽകുമെന്ന വിശ്വാസം. അതാണ് സ്രഷ്ടാവ് പ്രവാചകരിലൂടെ അവതരിപ്പിച്ച വേദഗ്രന്ഥങ്ങൾ മനുഷ്യരെ പഠിപ്പിക്കുന്നത്.

ആരാണോ സ്വന്തത്തെ ആഹുതി ചെയ്യുന്നത് അവന്ന് പരലോകത്ത് സ്രഷ്ടാവ് നിശ്ചയിച്ച ഭീകരമായ ശിക്ഷയെക്കുറിച്ചു പരാമർശിക്കുന്ന പ്രവാചകവചനവും വിശ്വാസികൾക്ക് ആത്മഹത്യയെ തടയുന്ന ഒരു പരിചയാണ്.

ഓരോ മനുഷ്യനും തന്നെ സൃഷ്ടിച്ച്, സംരക്ഷിച്ചുകൊണ്ടിരിക്കുന്നതാരാണെന്ന് മനസ്സിലാക്കി, അവനെ മാത്രം ആരാധിച്ച്, അവനിൽ മാത്രം ഭരമേൽപിച്ച്, അവന്റെ നിയമങ്ങളും നിർദേശങ്ങളും മനസ്സിലാക്കി, അത് ജീവിതത്തിൽ പ്രാവർത്തികമാക്കിയാൽ ഇങ്ങനെയുള്ള ദുരന്തങ്ങളിൽനിന്ന് രക്ഷപ്പെടാൻ സാധിക്കും.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച
'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം

18

(വെള്ളത്തിന്റെ) രണ്ടാമത്തെ ഉപമ ഇതാണ്; അല്ലാഹു പറയുന്നു: "അല്ലെങ്കിൽ (അവരെ) ഉപമിക്കാവുന്നത് ആകാശത്തുനിന്നു ചൊരിയുന്ന ഒരു പേമാരിയോടാകുന്നു. അതോടൊപ്പം കൂരിരുട്ടും ഇടിയും മിന്നലുമുണ്ട്. ഇടിനാദങ്ങൾ നിമിത്തം മരണം ഭയന്ന് അവർ വിരലുകൾ ചെവിയിൽ തിരുകുന്നു. എന്നാൽ അല്ലാഹു സത്യനിഷേധികളെ വലയം ചെയ്തിരിക്കുകയാണ്" (ക്വുർആൻ 2:19).

ആകാശത്തുനിന്ന് കുത്തിച്ചൊരിയുന്ന പേമാരിയുടെ ഉപമ. അതാണ് ഹൃദയങ്ങൾക്ക് ജീവൻ നൽകുന്ന ക്വുർആനിന്റെ ഉപമ. മഴമൂലമാണല്ലോ ഭൂമിക്കും ജീവജാലങ്ങൾക്കും സസ്യലതാദികൾക്കും ജീവൻ നിലനിൽക്കുന്നത്. സത്യവിശ്വാ

സികൾ അത് ഗ്രഹിക്കുകയും അതുമുഖേന ലഭ്യമാക്കുന്ന ജീവനെക്കുറിച്ച് തിരിച്ചറിയുകയും ചെയ്തിട്ടുണ്ട്. അതിനാൽ അതിനോടൊപ്പമുള്ള ഇടിയും മിന്നലും അവരെ അതിൽനിന്ന് തടയുന്നില്ല. അല്ലാഹുവിന്റെ കൽപനകൾക്ക് എതിര് പ്രവർത്തിച്ചവർക്ക് താക്കീതായി നൽകിയ ശിക്ഷകളും നടപടികളും അവന്റെ താക്കീതുകളും ഭീഷണികളുമൊക്കെയാണ് ആ ഇടിയും മിന്നലും എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. തന്റെ ദൂതരെ കളവാക്കിയവർക്കുനേരെയാണ് അവൻ അത് ഇറക്കുക എന്ന് അവൻ അറിയിച്ചിട്ടുണ്ട്. അതല്ലെങ്കിൽ അതിൽ (ക്വുർആനിൽ) അടങ്ങിയിട്ടുള്ള ശക്തമായ കൽപനകൾ, ശത്രുക്കളുമായുള്ള ധർമയുദ്ധത്തിൽ ഏർപ്പെടൽ, ദുരിതങ്ങളിൽ സഹനമവലംബിക്കൽ മുതലായവയും മനസ്സുകൾ കൊതിക്കുന്നതിനെതിരായി അവയ്ക്ക് പ്രയാസകരമായ ചില കൽപനകളുമൊക്കെ ഇരുട്ടും മിന്നലും ഇടിയും പോലെയാണ്. എന്നാൽ മഴയുടെ പരിണതിയും അതുമൂലമുണ്ടാകുന്ന ജീവസുറ്റതായ നിരവധി നേട്ടങ്ങളുമൊക്കെ മനസ്സിലാക്കിയവരെ സംബന്ധിച്ചിടത്തോളം അവയോടൊന്നും അവർ എതിർപ്പോ വെറുപ്പോ അസന്തുഷ്ടിയോ പ്രകടിപ്പിക്കുകയില്ല. പ്രത്യുത അവരതിൽ സന്തോഷിക്കുകയും ആഹ്ലാദിക്കുകയും നല്ല പ്രത്യാശയിലായിരിക്കുകയും ചെയ്യും.

കപട വിശ്വാസിയാകട്ടെ; തന്റെ ഹൃദയത്തിന്റെ അന്ധത കാരണത്താൽ ഇരുട്ടിന്നപ്പുറമുള്ള യാതൊരു നന്മയും അയാൾക്ക് കാണാൻ കഴിയുകയില്ല. കാഴ്ച തട്ടിയെടുക്കുന്ന മിന്നൽപിണറുകളും ഘോരമായ ഇരുട്ടും ഇടിമുഴക്കങ്ങളും മാത്രമെ അവൻ കാണുന്നുള്ളൂ. അതുകൊണ്ട്തന്നെ അവയെ അവന് പേടിയും വെറുപ്പുമാണ്. അതിനാൽ തന്റെ വിരലുകൾ ചെവിയിൽ തിരുകി ഇടിമുഴക്കം കേൾക്കാതിരിക്കാനും മിന്നൽപിണറുകളുടെ ശക്തമായ പ്രകാശം കാണാതിരിക്കാനുമാണ് അവൻ ആഗ്രഹിക്കുന്നത്. തന്റെ കാഴ്ചശക്തി നഷ്ടമാകുമോ എന്ന പേടിയാണയാൾക്കുള്ളത്. കാരണം ആ പ്രകാശത്തിന്റെ മുന്നിൽ ഉറച്ചുനിൽക്കാനുള്ള ശേഷി അവനോ അവന്റെ കണ്ണുകൾക്കോ ഇല്ല. ശക്തമായ ഇടിമുഴക്കം കേട്ടുകൊണ്ട് അയാൾ ഇരുട്ടിൽ തന്നെ നിൽക്കുകയാണ്. കണ്ണുകളെ റാഞ്ചിയെടുക്കാൻ പാകത്തിലുള്ള മിന്നൽപിണറുകളാണ് അയാൾ കാണുന്നത്. അതിൽനിന്ന് വല്ല വെളിച്ചവും കിട്ടിയാൽ അതിന്റെ അകമ്പടിയിൽ മുന്നോട്ട് ഗമിക്കും. ആ വെളിച്ചം നഷ്ടമായാൽ എവിടേക്ക് പോകണമെന്നറിയാതെ പരിഭ്രമിച്ച് അന്തംവിട്ടു നിൽക്കും. അയാളുടെ വിവരക്കേടുകൊണ്ട് ശക്തമായ മഴയുടെ അനിവാര്യമായ സംഗതികളാണിവയൊക്കെയെന്ന വസ്തുത അയാൾക്ക് ഗ്രഹിക്കാനാകുന്നില്ല. അതുമുഖേനയാണ് സസ്യലതാദികളും ഭൂമിതന്നെയും ജീവസ്സുറ്റതാകുന്നതെന്ന് അയാൾ അറിയുന്നില്ല. മറിച്ച് ഇടിയും മിന്നലും കൂരിരുട്ടും മാത്രമെ അയാൾ കാണുന്നുള്ളൂ. അങ്ങനെവരുമ്പോൾ അതിനോട് തികഞ്ഞ പേടിയും വെറുപ്പും അകൽച്ചയുമൊക്കെ തോന്നൽ സ്വാഭാവികമാണ്.

**ബുദ്ധിയിലും കണ്ണിലും കാതിലുമെല്ലാം പൈശാചികമായ വല്ല സംശയങ്ങളോ ആശയക്കുഴപ്പങ്ങളോ പിഴച്ച തോന്നലുകളോ ഭാവനകളോ ഒക്കെ എത്തിപ്പെട്ടാൽ അതങ്ങനെ പടർന്നുപന്തലിച്ച് വിശാലമാവുകയും അതിനെപ്പറ്റിയുള്ള വർത്തമാനങ്ങൾ അധികരിക്കുകയും അത് പാടിപ്രചരിപ്പിക്കുകയുമൊക്കെ ചെയ്യും. അപ്പോൾ കുറെയാളുകൾ ഇവരുടെ വാക്കുകൾക്ക് ചെവികൊടുക്കുകയും അത് സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് അതിന്റെ വക്താക്കളും സംരക്ഷകരുമായി മാറും.**

എന്നാൽ ശക്തമായ മഴയോട് ഇണക്കവും പരിചയവുമുള്ള, അതിലൂടെ കൈവരുന്ന നന്മകളെക്കുറിച്ചും ഭൂമിയിലെ ജീവനെയും മറ്റു പ്രയോജനങ്ങളെയും പറ്റി ബോധമുള്ള ഏതൊരാൾക്കും മഴയോടൊപ്പമുള്ള ഇടിയും മിന്നലും ഇരുട്ടും ഒന്നും പേടിപ്പെടുത്തുന്നതോ പരിചയമില്ലാത്തതോ അല്ല. അതിനാൽഅതിന്റെ നന്മകളാർജിക്കുന്നതിൽനിന്നും അയാളെ അതൊന്നും തടയുന്നുമില്ല

അല്ലാഹുവിന്റെ പക്കൽനിന്ന് മലക്ക് ജിബ്‌രീൽﷺ നബിﷺയുടെ ഹൃദയത്തിലേക്ക് ചൊരിഞ്ഞു കൊടുത്ത ആ പേമാരിയോട് തികച്ചും യോജിക്കുന്നതാണ് ഈ ഉപമ. അതുനിമിത്തമാണ് ഹൃദയങ്ങൾക്കും സർവസൃഷ്ടികൾക്കും ജീവസ്സു ലഭിക്കുന്നത്. വെള്ളമായി പെയ്തിറങ്ങുന്ന മഴയോടൊപ്പം ഇടിയും മിന്നലുമൊക്കെയുള്ളതുപോലെ ഇതിലും സമാനമായ ചിലതൊക്കെ ഉണ്ടാകുമെന്നതാണ് പടച്ചവന്റെ യുക്തി.

ശക്തമായ ആ മഴയിൽനിന്ന് കപടവിശ്വാസികൾക്ക് ലഭിക്കാനുള്ളത് അ

തിന്റെ കാർമേഘവും ഇടിയും മിന്നലും മാത്രമാണ്. അതിനപ്പുറമുള്ളതൊന്നും അവർക്കറിയില്ല. അതിനാൽ സത്യവിശ്വാസികൾക്കുള്ളത് പോലെയുള്ള ഇണക്കവും അടുപ്പവുമല്ല അവർക്കുള്ളത്; പ്രത്യുത പേടിയും അപരിചിതത്വവുമാണ്. അറിവുള്ളവർക്ക് ലഭിക്കുന്ന നിർഭയത്വത്തിനും സമാധാനത്തിനും പകരം അവർക്ക് സന്ദേഹങ്ങളും സംശയങ്ങളുമായിരിക്കും ഉണ്ടാവുക. അറിവും ഉൾക്കാഴ്ചയുമുള്ളവർക്ക് ദൃഢബോധ്യമുള്ള കാര്യങ്ങളിൽ അവർക്ക് സംശയമാണ്. തീയിന്റെ ഉപമയിൽ അവരുടെ കണ്ണുകൾ നട്ടുച്ചനേരത്തെ വവ്വാലിന്റെ കണ്ണുകളുടേത് പോലെയാണ്. വെള്ളത്തിന്റെ ഉപമയിൽ അവരുടെ കാതുകളിൽ ഇടിമുഴക്കം കാരണത്താൽ മരണപ്പെട്ടയാളുടെ കാതുപോലെയുമാണ് ഉള്ളത്. ചില ജീവികളെ സംബന്ധിച്ച് ഇടിമുഴക്കം കേൾക്കുന്ന മാത്രയിൽതന്നെ അവ മരിച്ചുപോകുമെന്ന് പറയാറുണ്ട്.

ഇവരുടെ ബുദ്ധിയിലും കണ്ണിലും കാതിലുമെല്ലാം പൈശാചികമായ വല്ല സംശയങ്ങളോ ആശയക്കുഴപ്പങ്ങളോ പിഴച്ച തോന്നലുകളോ ഭാവനകളോ ഒക്കെ എത്തിപ്പെട്ടാൽ അതങ്ങനെ പടർന്നുപന്തലിച്ച് വിശാലമാവുകയും അതിനെപ്പറ്റിയുള്ള വർത്തമാനങ്ങൾ അധികരിക്കുകയും അത് പാടിപ്രചരിപ്പിക്കുകയുമൊക്കെ ചെയ്യും. അപ്പോൾ കുറെയാളുകൾ ഇവരുടെ വാക്കുകൾക്ക് ചെവികൊടുക്കുകയും അത് സ്വീകരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ട് അതിന്റെ വക്താക്കളും സംരക്ഷകരുമായി മാറും. അങ്ങനെ അവരുടെ എണ്ണം വർധിപ്പിക്കുകയും പ്രചാരണം കൂട്ടുകയുമൊക്കെ ചെയ്യുമ്പോൾ അല്ലാഹുവിന്റെയും അവന്റെ ഇഷ്ടദാസന്മാരുടെയും അടുക്കൽ ഇക്കൂട്ടർ നിന്ദ്യരും നിസ്സാരരുമായിരിക്കും.

ഇത്തരക്കാരുടെ (കപടവിശ്വാസികളുടെ) ഫിത്നകൾ ദൂരവ്യാപകവും അവരുടെ സംസാരങ്ങൾ മൂലം ഹൃദയങ്ങൾക്കുണ്ടാകുന്ന ദോഷങ്ങൾ അനവധിയാണെന്നതിനാലും അവരുടെ കാപട്യത്തിന്റെ പുറംപൂച്ചുകൾ വലിച്ചുകീറി ഉള്ളുകള്ളികൾ വിശദമായിത്തന്നെ പറഞ്ഞുതന്നിട്ടുണ്ട് വിശുദ്ധ ക്വുർആൻ. അവരുടെ ലക്ഷണങ്ങളും വാക്കുകളും പ്രവൃത്തികളുമെല്ലാം വ്യക്തമാക്കിത്തന്നിട്ടുമുണ്ട്. എത്രയോ തവണ 'അവരുടെ കൂട്ടത്തിലുണ്ട് ചിലർ' എന്ന് ആവർത്തിച്ചാവർത്തിച്ച് അല്ലാഹു പറഞ്ഞുതന്നിട്ടുണ്ട്.

സൂറത്തുൽ ബക്വറയുടെ ആദ്യഭാഗത്ത് അല്ലാഹു സത്യാവിശ്വാസികളുടെയും അവിശ്വാസികളുടെയും കപടവിശ്വാസികളുടെയും വിശേഷണങ്ങൾ പറഞ്ഞു. സത്യവിശ്വാസികളുടെ സ്വഭാവ സവിശേഷതകൾ മൂന്ന് വചനങ്ങളിലായി പ്രതിപാദിച്ചു. അവിശ്വാസികളുടെ വിശേഷണങ്ങളാകട്ടെ രണ്ട് സൂക്തങ്ങളിലും. എന്നാൽ ഇക്കൂട്ടരെ (കപടവിശ്വാസികളെ) കുറിച്ച് പത്തിലധികം വചനങ്ങളിൽ വിവരിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ, ഇവരിലൂടെയുണ്ടായേക്കാവുന്ന ഫിത്നകളും അവരുമായി ഇടപഴകുന്നതിലൂടെ സംഭവിച്ചേക്കാവുന്ന ദുരന്തങ്ങളും അത്രമാത്രം ഗുരുതരവും ദൂരവ്യാപകവുമാണ്. കാരണം അവർ കൂടെനിന്നുകൊണ്ട് ശത്രുക്കൾക്ക് വേണ്ടി പണിയെടുക്കുന്ന ചതിയന്മാരും വഞ്ചകരുമാണ്. പ്രത്യക്ഷശത്രുവായ എതിരാളികൾ അങ്ങനെയല്ലല്ലോ!

ഈ രണ്ട് ഉപമകൾക്കും സമാനമായ ഉപമകളാണ് സൂറതുർറഅ്ദിൽ പറയപ്പെട്ട ഉപമകൾ. അല്ലാഹു പറയുന്നു: "അവൻ (അല്ലാഹു) ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി. അപ്പോൾ ആ ഒഴുക്ക് പൊങ്ങിനിൽക്കുന്ന നുരയെ വഹിച്ചുകൊണ്ടാണ് വന്നത്. വല്ല ആഭരണമോ ഉപകരണമോ ഉണ്ടാക്കാൻ ആഗ്രഹിച്ചുകൊണ്ട് അവർ തീയിലിട്ടു കത്തിക്കുന്ന ലോഹത്തിൽനിന്നും അതുപോലുള്ള നുരയുണ്ടാകുന്നു. അതുപോലെയാകുന്നു അല്ലാഹു സത്യത്തെയും അസത്യത്തെയും ഉപമിക്കുന്നത്. എന്നാൽ ആ നുര ചവറായി പോകുന്നു. മനുഷ്യർക്ക് ഉപകാരമുള്ളതാകട്ടെ ഭൂമിയിൽ തങ്ങിനിൽക്കുന്നു. അപ്രകാരം അല്ലാഹു ഉപമകൾ വിവരിക്കുന്നു" (ക്വുർആൻ 13:17).

ഈ ഉപമയും വെള്ളത്തിന്റെ ഉപമയാണ്. ഹൃദയങ്ങളുടെ ജീവസ്സിനായി അല്ലാഹു ഇറക്കിയ ദിവ്യസന്ദേശങ്ങളെ (വഹ്‌യിനെ) ആകാശത്തുനിന്ന് ഇറക്കിയ വെള്ളത്തോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. ആ ദിവ്യസന്ദേശങ്ങൾ ഉൾക്കൊണ്ട ഹൃദയങ്ങളെ, അഥവാ അതിന്റെ വാഹകരെ മലവെള്ളം പേറുന്ന താഴ്വാരകളോടും സാദൃശ്യപ്പെടുത്തി.

വലിയ മഹത്തരങ്ങളായ വിജ്ഞാനങ്ങളെ ഉൾക്കൊള്ളുന്ന ഹൃദയം ധാരാളം വെള്ളം ഉൾക്കൊള്ളുന്ന വലിയ താഴ്വര പോലെയാണ്. കുറഞ്ഞ വിജ്ഞാനങ്ങളുൾക്കൊള്ളുന്ന കൊച്ചുഹൃദയം ചെറിയ താഴ്വര പോലെയും. ഹൃദയങ്ങൾ ഈ ദിവ്യബോധനമാകുന്ന വിജ്ഞാനത്തെ വഹിക്കുന്നത്

ആ താഴ്‌വരകൾ മഴവെള്ളത്തെ പേറുന്നതുപോലെയാണ്.

താഴ്‌വരകളിലും വെള്ളമൊഴുകുന്ന ചാലുകളിലുമൊക്കെ ചണ്ടികളും ചവറുകളും പോലുള്ളവ വെള്ളത്തോടൊപ്പം ഒഴുകി നുരയും പതകളുമായി മീതെ പൊന്തിക്കിടക്കുന്നുണ്ടാവും. എന്നാൽ അതിന്റെ അടിയിൽ ജീവസ്സുറ്റതാക്കുന്ന സ്വച്ഛമായ വെള്ളവുമുണ്ടാകും. ചണ്ടിയും പതകളുമൊക്കെ ഇരുവശങ്ങളിലേക്കായി തള്ളിമാറ്റപ്പെടുകയും നല്ലവെള്ളം അതിനടിയിൽ നിലനിൽക്കുകയും അതുമുഖേന നാടിനും നാട്ടുകാർക്കും സസ്യങ്ങൾക്കും മൃഗങ്ങൾക്കുമൊക്കെ ഗുണം കിട്ടുകയും അവയെല്ലാം ജീവസ്സുറ്റതായി മാറുകയും ചെയ്യും. നുരയും പതയുമൊക്കെ ഗുണമോ നിലനിൽപ്പോ ഇല്ലാതെ നശിച്ചുപോവുകയും ചെയ്യും.

അപ്രകാരമാണ് അല്ലാഹു വാനലോകത്തുനിന്ന് ഹൃദയത്തിലേക്കിറക്കിയ ശരിയായ ജ്ഞാനവും സത്യവിശ്വാസവും. ചില ഹൃദയങ്ങൾ അത് ഏറ്റെടുക്കുകയും അതുമായി കൂടിച്ചേരുകയും ചെയ്യുമ്പോൾ ദേഹേച്ഛകളും ആശയക്കുഴപ്പങ്ങളുമൊക്കെയാകുന്ന നുരകളും പതകളും മുകളിൽ പൊങ്ങിക്കിടക്കുകയും ക്രമേണ നശിച്ചുപോവുകയും ചെയ്യും. സത്യവിശ്വാസവും സന്മാർഗവും ശരിയായ ജ്ഞാനവും ഹൃദയത്തിന്റെ അടിത്തട്ടിൽ വേരുറക്കുകയും ചെയ്യും. അതാണ് ഈമാനിന്റെ അടിത്തട്ടും സങ്കേതവും. നബിﷺ പറഞ്ഞതും അതാണല്ലോ:

“സത്യവിശ്വാസം ആളുകളുടെ ഹൃദയത്തിന്റെ അടിത്തട്ടിലേക്ക് ഇറങ്ങുന്നു” (ബുഖാരി, മുസ്‌ലിം).

ഈമാൻ (സത്യവിശ്വാസം) എന്നതിനു പകരം ‘അമാനത്ത്’ (വിശ്വസ്തത) എന്നാണ് ഹദീഥുകളിൽ വന്നിട്ടുള്ളത്. ഇബ്നുൽക്വയ്യിം (റഹി) പറഞ്ഞതുപോലെ ‘ഈമാൻ’ എന്ന പദം ഹദീഥിൽ കാണാൻ കഴിഞ്ഞിട്ടില്ല-കുറിപ്പുകാരൻ).

നുരയും പതയുമൊക്കെ അൽപാൽപമായി കെട്ടടങ്ങി പരിപൂർണമായും ഇല്ലാതാകും. എന്നാൽ ഉപകാരപ്രദമായ അറിവും നിഷ്‌കളങ്കവും സംശുദ്ധവുമായ സത്യവിശ്വാസവുമാകട്ടെ, അത് ഹൃദയത്തിന്റെ അടിത്തട്ടിൽ അവശേഷിക്കും. അവിടെ ജനങ്ങൾ എത്തി ദാഹം തീർക്കുകയും കൃഷിയിറക്കുകയും ജലസേചനം നടത്തുകയും ചെയ്യും.

അബൂമൂസാؓ നിവേദനം ചെയ്യുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം; നബിﷺ പറയുന്നു: “എന്നെ അല്ലാഹു നിയോഗിച്ചയച്ച സന്മാർഗത്തിന്റെയും ജ്ഞാനത്തിന്റെയും ഉപമ ഭൂമിയിൽ പെയ്ത ഒരു മഴപോലെയാകുന്നു. അതിൽ ഒരു പ്രദേശം വെള്ളത്തെ സ്വീകരിക്കുകയും ധാരാളം പുല്ലും ചെടികളും മുളപ്പിക്കുകയും ചെയ്ത സ്ഥലമാണ്. മറ്റൊരു പ്രദേശം വരണ്ടതും ഫലഭൂയിഷ്ഠമല്ലാത്തതുമായ സ്ഥലമാണ്. അവിടെ കെട്ടിനിന്ന വെള്ളംകൊണ്ട് ആളുകൾ കൃഷി ചെയ്യുകയും ജലസേചനം നടത്തുകയും ചെയ്തു. മറ്റൊരു പ്രദേശമാകട്ടെ വെള്ളം നിൽക്കാത്ത വിധം തീക്ഷ്ണമായ പ്രദേശമാണ്. അവിടെ വെള്ളംകെട്ടിനിന്നതുമില്ല; ചെടികൾ മുളക്കുകയും ചെയ്തില്ല. അപ്രകാരമാണ് അല്ലാഹുവിന്റെ ദീനിൽ അറിവ് നേടിയ ആളുകളുടെ ഉപമ. എന്നെ അല്ലാഹു നിയോഗിച്ചയച്ച സന്മാർഗം അയാൾക്കുപകരിച്ചു. അയാൾ അത് പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്തു. എന്നാൽ അതിലേക്ക് ശ്രദ്ധകൊടുക്കാതിരിക്കുന്നവരാകട്ടെ, അവർ അല്ലാഹു എന്നെ നിയോഗിച്ചയച്ച സന്മാർഗം സ്വീകരിച്ചില്ല.” (ബുഖാരി, മുസ്‌ലിം).

സന്മാർഗവും വിജ്ഞാനവുമായി ബന്ധപ്പെട്ട് ആളുകളെ മൂന്ന് വിഭാഗമാക്കിയാണ് നബിﷺ ഈ ഹദീഥിലൂടെ പറഞ്ഞുതന്നത്. ഒന്നാമത്തെ വിഭാഗം അല്ലാഹുവിന്റെ ദൂതന്മാരുടെ അനന്തരാവകാശികളും പ്രവാചകന്മാരുടെ പിൻഗാമികളുമാണ്. അവരാണ് മതാധ്യാപനങ്ങൾ പഠിച്ചും പ്രവർത്തിച്ചും അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മറ്റുള്ളവരെ ക്ഷണിച്ചും ദീൻ

> **“താഴ്‌വരകളിലും വെള്ളമൊഴുകുന്ന ചാലുകളിലുമൊക്കെ ചണ്ടികളും ചവറുകളും പോലുള്ളവ വെള്ളത്തോടൊപ്പം ഒഴുകി നുരയും പതകളുമായി മീതെ പൊന്തിക്കിടക്കുന്നുണ്ടാവും. എന്നാൽ അടിയിൽ ജീവസ്സുറ്റതാക്കുന്ന സ്വച്ഛമായ വെള്ളവുമുണ്ടാകും. ചണ്ടിയും പതകളുമൊക്കെ ഇരുവശങ്ങളിലേക്കായി തള്ളിമാറ്റപ്പെടുകയും നല്ലവെള്ളം അതിനടിയിൽ നിലനിൽക്കുകയും ചെയ്യും. നുരയും പതയുമൊക്കെ ഗുണമോ നിലനിൽപ്പോ ഇല്ലാതെ നശിച്ചുപോവുകയും ചെയ്യും. അപ്രകാരമാണ് അല്ലാഹു വാനലോകത്തുനിന്ന് ഹൃദയത്തിലേക്കിറക്കിയ ശരിയായ ജ്ഞാനവും സത്യവിശ്വാസവും.”**

നിലനിർത്തുന്നവർ. ഇക്കൂട്ടരാണ് നബിﷺയുടെ യഥാർഥ അനുയായികൾ. അവരാണ് ഒന്നാമത് പറഞ്ഞ നല്ല പ്രദേശത്തിന് സമാനമായവർ. വെള്ളം സ്വീകരിക്കുകയും ധാരാളം പുല്ലും ചെടികളും മുളപ്പിക്കുകയും ചെയ്ത ശുദ്ധമായ സ്ഥലത്തെപോലെ സ്വയം സംശുദ്ധരാവുകയും അവരിലൂടെ മറ്റുള്ളവരും വിശുദ്ധികൈവരിക്കുകയും ചെയ്തു.

ഇവർ മതത്തിൽ അറിവും ഉൾക്കാഴ്ചയും നേടിയവരും ശക്തമായ പ്രബോധനപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തവരാണ്. അതിനാലാണവർ അല്ലാഹു ഇങ്ങനെ പറഞ്ഞ പ്രവാചകന്മാരുടെ അനന്തരാവകാശികളായത്:

"കൈക്കരുത്തും കാഴ്ചപ്പാടുകളും ഉള്ളവരായിരുന്ന നമ്മുടെ ദാസൻമാരായ ഇബ്റാഹീം, ഇസ്ഹാക്, യഅ്ക്കൂബ് എന്നിവരെയും ഓർക്കുക" (38:45).

അറിവും ഉൾക്കാഴ്ചയുംകൊണ്ട് സത്യം ഗ്രഹിക്കാനും ഉൾക്കൊള്ളാനും സാധിക്കും. ശക്തിയും ശേഷിയുംകൊണ്ട് അത് മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കാനും പ്രയോഗവൽക്കരിക്കാനും അതിലേക്ക് ക്ഷണിക്കുവാനുമൊക്കെ കഴിയുകയും ചെയ്യും. ഈ വിഭാഗത്തിന് നല്ല ഓർമശക്തിയും ഗ്രാഹ്യശക്തിയും മതജ്ഞാനവും വിശദാംശങ്ങളെ കുറിച്ചുള്ള കാഴചപ്പാടുമൊക്കെയുണ്ടാവും. പ്രമാണങ്ങളിൽനിന്ന് വിജ്ഞാനങ്ങളുടെ ആറുകൾ തീർക്കാൻ അവർക്ക് സാധിക്കും. അതിൽനിന്ന് അറിവിന്റെ നിധിശേഖരങ്ങൾ കണ്ടെത്താനും കഴിയും. അവർ പ്രത്യേകമായ ഒരുതരം ഗ്രാഹ്യത നൽകപ്പെട്ടവരാണ്. അലി‍ؓയോട് ഒരാൾ ചോദിച്ചു: 'മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കാത്ത വല്ലതും നിങ്ങളോട് മാത്രമായി നബിﷺ പറഞ്ഞിട്ടുണ്ടോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇല്ല, ധാന്യങ്ങളെ പിളർത്തിക്കൊണ്ട് വരികയും ജീവ ജാലങ്ങളെ പടക്കുകയും ചെയ്ത അല്ലാഹുവാണേ സത്യം! പ്രത്യുത അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അവൻ ചിലർക്ക് നൽകുന്ന ഗ്രാഹ്യതയാണത്' (ബുഖാരി).

ഈ ഗ്രാഹ്യത മഴപെയ്തശേഷം ആ പ്രദേശം ധാരാളം പുല്ലും ചെടികളും മുളപ്പിക്കുമെന്ന് പറഞ്ഞതിന്റെ സ്ഥാനത്താണ്. ഈയൊരു കാര്യംകൊണ്ടാണ് ഈ വിഭാഗക്കാർ മറ്റുള്ളവരിൽനിന്ന് വ്യതിരിക്തരാകുന്നത്. രണ്ടാം വിഭാഗക്കാരാകട്ടെ, അവർ പ്രമാണങ്ങൾ ഹൃദിസ്ഥമാക്കുകയും കൃത്യത വരുത്തുകയും ചെയ്തവരാണ്. അവരുടെ മുഖ്യശ്രദ്ധ അതിലാണ്. അവരുടെ അടുക്കൽ ആളുകൾ ചെല്ലുകയും പ്രമാണങ്ങളുടെ വചനങ്ങൾ കൃത്യമായി ഉറപ്പുവരുത്തി അവരിൽനിന്ന് സ്വീകരിക്കുകയും അതിൽ നിന്നുള്ള തെളിവുകൾ മനസ്സിലാക്കുകയും അവയിലെ വിജ്ഞാനത്തിന്റെ നിധികൾ പുറത്തെടുക്കുകയും ചെയ്യുന്നു. അതിലാണ് അവരുടെ വ്യാപാരം. കൃഷിക്കനുയോജ്യമായ സ്ഥലത്ത് അത് അവർ വിതയ്ക്കുകയും ചെയ്യുന്നു. ഓരോരുത്തത്തരും അവരവരുടേതായ മേഖലകളിലാണുള്ളത്.

ഇക്കൂട്ടരെ കുറിച്ചാണ് നബിﷺ ഇപ്രകാരം പറഞ്ഞത്: "എന്റെ വാക്കുകൾ ശ്രദ്ധിച്ച് കേൾക്കുകയും എന്നിട്ടത് ഉൾക്കൊണ്ട് കേട്ടതുപോലെത്തന്നെ മറ്റുള്ളവർക്ക് കൈമാറുകയും ചെയ്ത വ്യക്തിക്ക് അല്ലാഹു പ്രകാശം ചൊരിയട്ടെ! എത്രയെത്ര വിജ്ഞാനവാഹകരാണ് യഥാർഥ ഗ്രാഹ്യത ഇല്ലാതെയുള്ളത്. തന്നെക്കാൾ കൂടുതൽ ഗ്രാഹ്യതയുള്ളവരിലേക്ക് വിജ്ഞാനം കൊണ്ടുചെന്നെത്തിക്കുന്നവരും എത്രയോ ഉണ്ട്" (തിർമിദി, ഇബ്നുമാജ, അഹ്മദ്).

മഹാനായ ഇബ്നുഅബ്ബാസ്ؓ; സമുദായത്തിലെ പണ്ഡിതകേസരി, ക്വുർആൻ വ്യാഖ്യാതാവ് തുടങ്ങിയ അപദാനങ്ങളാൽ പ്രസിദ്ധനാണ് അദ്ദേഹം. നബിﷺയിൽനിന്ന് അദ്ദേഹം കേട്ട് ഉദ്ധരിക്കുന്ന റിപ്പോർട്ടുകൾ കേവലം ഇരുപതിൽതാഴെ മാത്രമാണ്. പക്ഷേ, അദ്ദേഹത്തിന് ഗ്രാഹ്യശേഷിയിലും തെളിവുകൾ നിർധാരണം ചെയ്യുന്നതിലുമൊക്കെ റബ്ബിന്റെ പ്രത്യേക അനുഗ്രഹം (ബറകത്ത്) ലഭിച്ചിരുന്നു. അങ്ങനെ ലോകം മുഴുക്കെ അദ്ദേഹത്തിന്റെ വിജ്ഞാനവും ഗ്രാഹ്യതയും സൽകീർത്തി നേടി.

അബൂമുഹമ്മദുബ്നു ഹസം(റഹി) പറയുന്നു: 'ഇബ്നു അബ്ബാസിؓന്റെ ഫത്വകൾ ബൃഹത്തായ ഏഴ് ഗ്രന്ഥങ്ങളിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു.'

('അൽ ഇഹ്കാം ഫീ ഉസ്വൂലിൽ അഹ്കാം' എന്ന ഗ്രന്ഥത്തിൽ ഇബ്നുഹസം പറഞ്ഞത് ഖലീഫ മഅ്മൂനിന്റ പുത്രൻ അബൂബക്കർ മുഹമ്മദുബ്നുമൂസ; ഇബ്നു അബ്ബാസിؓന്റെ ഫത്വകളായി ഇരുപത് ഗ്രന്ഥങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ ഇബ്നുൽ ക്വയ്യിം ഇവിടെ ഉദ്ധരിച്ച വാചകം ഇബ്നു ഹസം ഹസനുൽ ബസ്വരിയെക്കുറിച്ച് പറഞ്ഞതാണ്. അൽഇഹ്കാം 5/97 കാണുക. ഇബ്നുൽ ക്വയ്യിമിന്റെ 'ഇഅ്ലാമുൽ മുവക്കിഈൻ' 1/24 പരിശോധിക്കുക-കുറിപ്പുകാരൻ). **(അവസാനിച്ചില്ല)**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 54, ഭാഗം 5

# അൽക്വമർ (ചന്ദ്രൻ)

(മക്കയിൽ അവതരിച്ചത്)

وَلَقَدْ جَآءَ ءَالَ فِرْعَوْنَ ٱلنُّذُرُ ﴿٤١﴾
كَذَّبُوا۟ بِـَٔايَٰتِنَا كُلِّهَا فَأَخَذْنَٰهُمْ أَخْذَ عَزِيزٍ
مُّقْتَدِرٍ ﴿٤٢﴾
أَكُفَّارُكُمْ خَيْرٌ مِّنْ أُو۟لَٰٓئِكُمْ أَمْ لَكُم
بَرَآءَةٌ فِى ٱلزُّبُرِ ﴿٤٣﴾
أَمْ يَقُولُونَ نَحْنُ جَمِيعٌ مُّنتَصِرٌ ﴿٤٤﴾
سَيُهْزَمُ ٱلْجَمْعُ وَيُوَلُّونَ ٱلدُّبُرَ ﴿٤٥﴾
بَلِ ٱلسَّاعَةُ مَوْعِدُهُمْ وَٱلسَّاعَةُ
أَدْهَىٰ وَأَمَرُّ ﴿٤٦﴾
إِنَّ ٱلْمُجْرِمِينَ فِى ضَلَٰلٍ وَسُعُرٍ ﴿٤٧﴾

41. ഫിർഔൻ കുടുംബത്തിനും താക്കീതുകൾ വന്നെത്തുകയുണ്ടായി.

42. അവർ നമ്മുടെ ദൃഷ്ടാന്തങ്ങളെ മുഴുവൻ നിഷേധിച്ചു തള്ളിക്കളഞ്ഞു. അപ്പോൾ പ്രതാപിയും ശക്തനുമായ ഒരുത്തൻ പിടികൂടുന്ന വിധം നാം അവരെ പിടികൂടി.

43. (ഹേ, അറബികളേ,) നിങ്ങളുടെ കൂട്ടത്തിലെ സത്യനിഷേധികൾ അവരെക്കാളൊക്കെ ഉത്തമന്മാരാണോ? അതല്ല, വേദപ്രമാണങ്ങളിൽ നിങ്ങൾക്ക് (മാത്രം) വല്ല ഒഴിവുമുണ്ടോ?

44. അതല്ല, അവർ പറയുന്നുവോ; ഞങ്ങൾ സംഘടിതരും സ്വയം പ്രതിരോധിക്കാൻ കഴിവുള്ളവരുമാണ് എന്ന്.

45. എന്നാൽ വഴിയെ ആ സംഘം തോൽപിക്കപ്പെടുന്നതാണ്. അവർ പിന്തിരിഞ്ഞ് ഓടുകയും ചെയ്യും.

46. തന്നെയുമല്ല, ആ അന്ത്യസമയമാകുന്നു അവർക്കുള്ള നിശ്ചിത സന്ദർഭം. ആ അന്ത്യസമയം ഏറ്റവും ആപൽക്കരവും അത്യന്തം കയ്പേറിയതുമാകുന്നു.

47. തീർച്ചയായും ആ കുറ്റവാളികൾ വഴിപിഴവിലും ബുദ്ധിശൂന്യതയിലുമാകുന്നു.

يَوْمَ يُسْحَبُونَ فِي ٱلنَّارِ
عَلَىٰ وُجُوهِهِمْ ذُوقُوا۟ مَسَّ سَقَرَ ﴿٤٨﴾
إِنَّا كُلَّ شَىْءٍ خَلَقْنَٰهُ بِقَدَرٍ ﴿٤٩﴾
وَمَآ أَمْرُنَآ إِلَّا وَٰحِدَةٌ كَلَمْحٍۭ بِٱلْبَصَرِ ﴿٥٠﴾
وَلَقَدْ أَهْلَكْنَآ أَشْيَاعَكُمْ
فَهَلْ مِن مُّدَّكِرٍ ﴿٥١﴾
وَكُلُّ شَىْءٍ فَعَلُوهُ فِي ٱلزُّبُرِ ﴿٥٢﴾
وَكُلُّ صَغِيرٍ وَكَبِيرٍ مُّسْتَطَرٌ ﴿٥٣﴾
إِنَّ ٱلْمُتَّقِينَ فِي جَنَّٰتٍ وَنَهَرٍ ﴿٥٤﴾
فِي مَقْعَدِ صِدْقٍ عِندَ مَلِيكٍ مُّقْتَدِرٍۭ ﴿٥٥﴾

48.മുഖം നിലത്തു കുത്തിയനിലയിൽ അവർ നരകാഗ്നിയിലൂടെ വലിച്ചിഴക്കപ്പെടുന്ന ദിവസം. (അവരോട് പറയപ്പെടും:) നിങ്ങൾ നരകത്തിന്റെ സ്പർശനം അനുഭവിച്ചുകൊള്ളുക.

49.തീർച്ചയായും ഏതു വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥ പ്രകാരമാകുന്നു.

50.നമ്മുടെ കൽപന ഒരൊറ്റ പ്രഖ്യാപനം മാത്രമാകുന്നു. കണ്ണിന്റെ ഒരു ഇമവെട്ടൽ പോലെ.

51.(ഹേ, സത്യനിഷേധികളേ,) തീർച്ചയായും നിങ്ങളുടെ കക്ഷിക്കാരെ നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?

52.അവർ പ്രവർത്തിച്ച ഏത് കാര്യവും രേഖകളിലുണ്ട്.

53.ഏത് ചെറിയകാര്യവും വലിയകാര്യവും രേഖപ്പെടുത്തി വെക്കപ്പെടുന്നതാണ്.

54.തീർച്ചയായും ധർമനിഷ്ഠ പാലിച്ചവർ ഉദ്യാനങ്ങളിലും അരുവികളിലുമായിരിക്കും.

55.സത്യത്തിന്റെ ഇരിപ്പിടത്തിൽ, ശക്തനായ രാജാവിന്റെ അടുക്കൽ.

41:42. (ഫിർഔൻ കുടുംബത്തിനും വന്നെത്തുകയുണ്ടായി) അതായത് ഫിർഔനിനും അവന്റെ ജനതക്കും; (താക്കിതുകൾ). അപ്പോൾ അല്ലാഹു അവരിലേക്ക് മൂസാﷺയെ അയച്ചു. പ്രകടമായ അമാനുഷിക ദൃഷ്ടാന്തങ്ങൾകൊണ്ടും വ്യക്തമായ തെളിവുകൾകൊണ്ടും അവൻ അദ്ദേഹത്തെ ശക്തിപ്പെടുത്തി. മറ്റാരും കാണാത്ത ധാരാളം പാഠങ്ങൾ അദ്ദേഹം അവരെ കാണിച്ചു. എന്നാൽ അല്ലാഹുവിന്റെ എല്ലാ ദൃഷ്ടന്തങ്ങളെയും അവർ കളവാക്കി. അപ്പോൾ അവൻ അവരെ പിടികൂടി; പ്രതാപിയും ശക്തനുമായ ഒരുത്തൻ പിടിക്കുന്ന പിടുത്തം. അങ്ങനെ അവനെയും അവന്റെ സൈന്യത്തെയും അവൻ മുക്കിനശിപ്പിച്ചു. ഈ കഥ ഇവിടെ പറയുന്നതിന്റെ ഉദ്ദേശ്യം മുഹമ്മദ് നബിﷺ യെ കളവാക്കുന്നവരെയും ജനങ്ങളെയും താക്കിത് ചെയ്യലാണ്.

43. (ഹേ അറബികളേ, നിങ്ങളുടെ കൂട്ടത്തിലെ സത്യനിഷേധികൾ അവരെക്കാളൊക്കെ ഉത്തമന്മാരാണോ?) അല്ലാഹു നശിപ്പിച്ചവരായും അവന്റെ ശിക്ഷക്ക് വിധേയരായവരായും അല്ലാഹു പറഞ്ഞ ഈ നിഷേധികൾ, ഉത്തമ പ്രവാചകനെ കളവാക്കിയവർ ഇവരെക്കാൾ ഉത്തമരാണോ? ഉത്തമരാണെങ്കിൽ ശിക്ഷയിൽനിന്ന് അവർ രക്ഷപ്പെടാൻ കഴിയേണ്ടിയിരുന്നു. അല്ലാഹുവിങ്കൽ ഈ ദുഷ്ടൻമാർക്ക് സംഭവിച്ചത് സംഭവിക്കരുത്. എന്നാൽ വസ്തുത അതല്ല. അവർ ഇവരെക്കാൾ മോശമല്ലെങ്കിലും ഉത്തമരല്ല. (അതല്ല വേറെ പ്രമാണങ്ങളിൽ നിങ്ങൾക്ക് വല്ല ഒഴിവുമുണ്ടോ?) പ്രവാചകന്മാർക്കിറക്കിയതായ വേദഗ്രന്ഥങ്ങളിൽ നിങ്ങൾക്ക് പ്രത്യേകമായി വല്ല കരാറുകളോ ഉടമ്പടികളോ നൽകിയിട്ടുണ്ടോ? അങ്ങനെയെങ്കിൽ ആ കരാറുമൂലം രക്ഷപ്പെടുന്നവരാണെന്ന് നിങ്ങൾക്ക് വിശ്വസിക്കാമായിരുന്നു. ഇത് അസാധ്യമാണ്. മതനിയമപ്രകാരവും ബുദ്ധിക്കനുസരിച്ചും ഇത് അസാധ്യമാണ്. അതായത് വേദങ്ങളിൽ നിങ്ങൾക്ക് മാത്രമായി ഒരു പ്രത്യേകത കൽപിക്കൽ ദൈവികനീതിയുടെ ഉള്ളടക്കത്തിനും യുക്തിക്കും ഏതിരാണ്. അല്ലാഹു ആദരിച്ച ഉത്തമ പ്രവാചകനെ കളവാക്കിയ ധിക്കാരികൾ രക്ഷപ്പെടുകയെന്നത് യുക്തിക്കെതിരാണ്.

44. രക്ഷപ്പെടാനുള്ള ഒരു ശക്തി തീർച്ചയായും പ്രവാചകന്മാർക്കുണ്ടാവും. അതാണ് അല്ലാഹു പറയുന്നത്: (അതല്ല അവർ പറയുന്നുവോ; ഞങ്ങൾ സംഘടിതരും സ്വയം പ്രതിരോധിക്കാൻ കഴിവുള്ളവരുമാണെന്ന്).

45. അവരുടെ ദുർബലതയെ വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്നു; അവർ പരാജയപ്പെടുന്നവർ തന്നെയാണ് എന്ന്. (എന്നാൽ വഴിയെ ആ സംഘം തോൽപിക്കപ്പെടുന്നതാണ്. അവർ പിന്തിരിഞ്ഞ് ഓടുകയും ചെയ്യും). പറഞ്ഞതുപോലെ സംഭവിച്ചു. അവരുടെ ഏറ്റവും വലിയ സംഘത്തെ അല്ലാഹു ബദ്റിന്റെ ദിനത്തിൽ പരാജയപ്പെടുത്തി. അവരിലെ നേതാക്കളും സൈനിക സംഘങ്ങളും

കൊല്ലപ്പെട്ടു നിന്ദ്യരായി. തന്റെ മതത്തെയും ദൂതനെയും വിശ്വാസികളായ തന്റെ സംഘത്തെയും അല്ലാഹു സഹായിച്ചു.

46. അതോടൊപ്പം അവരിൽ ആദ്യത്തവരും അവസാനത്തവരും ഇഹലോകത്ത് ആസ്വദിച്ചു ജീവിച്ചവരുമെല്ലാം നിശ്ചിതസമയത്ത് ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്യും. അതാണ് അല്ലാഹു പറഞ്ഞത്: (തന്നെയുമല്ല, ആ അന്ത്യസമയമാകുന്നു, അവർക്കുള്ള നിശ്ചിതസന്ദർഭം) അവർക്ക് പ്രതിഫലം നൽകപ്പെടുന്ന, നീതിപ്രകാരം അവകാശങ്ങൾ എടുക്കപ്പെടുന്ന സമയം. (ആ അന്ത്യസമയം ആപൽക്കരവും അത്യന്തം കയ്പേറിയതുമാകുന്നു) ഭയാനകമാണ്; ഊഹിക്കാവുന്നതിലും അപ്പുറം. ഭാവനയിൽ പോലും കാണാനാവാത്തത്.

47) (തീർച്ചയായുംആ കുറ്റവാളികൾ) മറ്റു കുറ്റകൃത്യങ്ങൾ അധികരിപ്പിച്ചവർ. മഹാപാപങ്ങൾ, ശിർക്കടക്കമുള്ള എല്ലാ പാപങ്ങളും. (വഴിപിഴവിലും ജ്വലിക്കുന്ന അഗ്നിയിലുമാകുന്നു) ഇഹലോകത്ത് വഴിതെറ്റിപ്പോയവർ. അറിവിൽ അങ്ങേയറ്റം പിഴച്ചവർ. നരകരക്ഷ നേടാവുന്ന പ്രവർത്തനങ്ങളിലായി വഴിതെറ്റിയവർ. അന്ത്യനാളിലാകട്ടെ വേദനയേറിയ ശിക്ഷയിലും. ആ നരകം അവരെയുംകൊണ്ട് ജ്വലിക്കുകയും അവരുടെ ശരീരങ്ങളിൽ ആളിപ്പടരുകയും ഹൃദയങ്ങളിലേക്കേത്തുകയും ചെയ്യും.

48. (മുഖം നിലത്തുകുത്തിയ നിലയിൽ നാരകാഗ്നിയിലൂടെ വലിച്ചിഴക്കപ്പെടുന്ന ദിവസം) ശരീരഭാഗങ്ങളിൽ ഏറെ ആദരണീയമായതാണ് മുഖം; മറ്റുള്ളവയെക്കാൾ വേദനയുണ്ടാവും.

49. (തീർച്ചയായും ഏതൊരു വസ്തുവിനെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു) ഭൂമിയിലും ഉപരിയിലും ഉള്ള എല്ലാ സൃഷ്ടിജാലങ്ങളെക്കുറിച്ചുമാണിത്. അല്ലാഹു മാത്രമാണ് അവയെല്ലാം സൃഷ്ടിച്ചത്. അവനല്ലാതെ അതിനൊരു സ്രഷ്ടാവില്ല. സൃഷ്ടിപ്പിൽ ഒരു പങ്കാളിയുമില്ല. എല്ലാ സൃഷ്ടിപ്പും അവന്റെ വിധിയനുസരിച്ചിട്ടാണ് ഉള്ളത്. അതിനെക്കാൾ, അവന് നേരത്തെ അറിയാം. അവന്റെ പേന എഴുതിയിട്ടുണ്ട് അതിന്റ സമയവും കണക്കുമെല്ലാം. അവയ്ക്കെന്തെല്ലാം പ്രത്യേകതയുണ്ടോ അതെല്ലാം.

50. (അത് അല്ലാഹുവിന് ഏറെ എളുപ്പമാണ്) അതാണ് അല്ലാഹു പറഞ്ഞത്: (നമ്മുടെ കൽപന ഒരൊറ്റ പ്രഖ്യാപനം മാത്രമാകുന്നു. കണ്ണിന്റെ ഒരു ഇമവെട്ടൽ പോലെ). അവൻ എന്തെങ്കിലും ഉദ്ദേശിച്ചാൽ അവൻ അതിനോട് പറയും ഉണ്ടാവുക; അപ്പോൾ അതുണ്ടാവും. അവൻ ഉദ്ദേശിച്ച പോലെ. കണ്ണിന്റെ ഇമവെട്ടൽ പോലെ യാതൊരു തടസ്സവും പ്രയാസവും കൂടാതെ.

51. (ഹേ, സത്യനിഷേധികളേ, നിങ്ങളുടെ കക്ഷിക്കാരെ നം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്) മുൻകഴിഞ്ഞ സമുദായങ്ങളിൽ ഉള്ളവർ. അവരും നിങ്ങളെപോലെ കളവാക്കുകയും പ്രവർത്തിക്കുകയും ചെയ്തു. (എന്നാൽ ആലോചിച്ചുമനസ്സിലാക്കുന്നവർ ആരെങ്കിലുമുണ്ടോ?) അല്ലാഹുവിന്റെ നടപടിക്രമങ്ങൾ ഇവരിലും പൂർവസമുദാങ്ങളിലും ഒന്നുതന്നെയാണെന്നു. മനസ്സിലാക്കുകയും ആലോചിക്കുകയും ചെയ്യുന്നവരുണ്ടോ? അല്ലാഹുവിന്റെ യുക്തിയനുസരിച്ചു മുൻസമുദായങ്ങളിലെ പാപികളെ നശിപ്പിച്ചു. അതേകാരണങ്ങൾ ഇവരിലും നിലനിൽക്കുന്നു. രണ്ടു വിഭാഗവും തമ്മിൽ യാതൊരു വ്യത്യാസവുമില്ല.

52. (അവർ പ്രവർത്തിച്ച ഏതൊരു കാര്യവും രേഖയിലുണ്ട്) അവർ പ്രവർത്തിച്ച നന്മതിന്മകളെല്ലാം വിധിപുസ്തകത്തിൽ രേഖപ്പെടുത്തപ്പെട്ടതാണ്.

53. (ഏത് ചെറിയ കാര്യവും വലിയ കാര്യവും രേഖപ്പെടുത്തി വെക്കപ്പെടുന്നതാണ്) അത് രേഖപ്പെടുത്തിവെക്കപ്പെട്ടതും എഴുതിവെക്കപ്പെട്ടതുമാണ്. ക്വളാഅ്, ക്വദ്റ് എന്ന് പറയുന്നത് ഇതാണ്. എല്ലാ കാര്യങ്ങളും അല്ലാഹു അറിയുമെന്നും അത് 'ലൗഹുൽ മഹ്ഫൂദിൽ രേഖപ്പെടുത്തിട്ടുണ്ട് എന്നുമാണ്. അല്ലാഹു ഉദ്ദേശിച്ചത് നടക്കും; ഉദ്ദേശിക്കാത്തത് നടക്കില്ല. സംഭവിച്ചതെല്ലാം സംഭവിക്കാനുള്ളത് തന്നെ; സംഭവിക്കാത്തതൊന്നും സംഭവിക്കാതിരിക്കാനും.

54:55. (തീർച്ചയായും ധർമനിഷ്ഠപാലിച്ചവർ) അല്ലാഹുവിന്റെ കൽപനകൾ പ്രവർത്തിക്കുകയും വിരോധങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുന്നവർ. ശിർക്കിനെയും ചെറുതും വലുതുമായ ദോഷങ്ങളെയും അവർ സൂക്ഷിക്കുന്നു. (ഉദ്യാനങ്ങളിലും നദികളിലുമായിരിക്കും) സുഖാനുഗ്രഹങ്ങളുടെ സ്വർഗങ്ങളിൽ. ഒരു കണ്ണും കാണാത്തതും ഒരു ചെവിയും കേൾക്കാത്തതും ഒരു ഹൃദയവും ചിന്തിക്കാത്തതും അവർക്കുണ്ട്. പാകമായ പഴങ്ങൾ, ഒഴുകുന്ന നദികൾ, ഉയർന്നുനിൽക്കുന്ന കൊട്ടാരങ്ങൾ, മനോഹരമായ വീടുകൾ, രുചികരമായ ഭക്ഷണ പാനിയങ്ങൾ, ഭംഗിയുള്ള സ്വർഗസ്ത്രീകൾ, പ്രശോഭിതമായ ഉദ്യാനങ്ങൾ, അല്ലാഹുവിന്റെ സാമിപ്യവും തൃപ്തിയും ലഭിച്ചവർ. അതാണ് അല്ലാഹു പറഞ്ഞത്: (സത്യത്തിന്റെ ഇരിപ്പിടത്തിൽ ശക്തനായ രാജാവിന്റെ അടുക്കൽ) തന്റെ ഔദാര്യത്തിൽനിന്ന് അവർ അനുഗ്രഹവും കാരുണ്യവുമായി എന്തെല്ലാം നൽകുമെന്ന്. നിനക്ക് ചോദിക്കേണ്ടിവരാത്തവിധം ഒരു വചനമാണിത്. അതിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തട്ടെ. നമ്മുടെ തിന്മകൾകൊണ്ട് അവന്റെ അടുക്കലുള്ള നന്മ നമുക്ക് നഷ്ടപ്പെടാതിരിക്കട്ടെ.

*(ഈ അധ്യായത്തിന്റെ വ്യാഖ്യനം പൂർത്തിയായി, അൽഹംദുലില്ലാഹ്)*

ഡോ. പി.കെ അബ്ദുറസാക്ക് സുല്ലമി
abdurazaksullamy@gmail.com

ലേഖനം



# ആധുനിക ആലേഖന കല; ക്വുർആനിൽനിന്ന് ചില ഉദാഹരണങ്ങൾ

എല്ലാ വിജ്ഞാനങ്ങളുടെയും ഉടമസ്ഥനും സർവശക്തനുമായ അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അതിന്റെ ഉന്നതമായ ശൈലിയുണ്ടായിരിക്കുക എന്നത് സ്വാഭാവികമാണ്. ജേർണലിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആയുധമാണ് പേന. ആദ്യമായി ഹിറാഗുഹയിൽവെച്ച് ഇറങ്ങിയ 5 വചനങ്ങളിൽത്തന്നെ പേനകൊണ്ട് മനുഷ്യനെ പഠിപ്പിച്ചു എന്ന് എടുത്തുപറയുന്നു:

“നീ വായിക്കുക. നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു” (ക്വുർആൻ 96:3-5).

ആശയാവിഷ്കരണത്തിന് തൂലികകൊണ്ടുള്ള ആലേഖനം ഉപാധിയായി സ്വീകരിച്ച ഏക ജന്തുവാണ് മനുഷ്യൻ. അക്ഷരവിദ്യയാണ് വിജ്ഞാന ക്രോഡീകരണത്തിലൂടെ മനുഷ്യതലമുറകളെ സംസ്കാരികവും നാഗരികവുമായ ഈടുവെപ്പുകളുടെ അവകാശികളാക്കിത്തീർത്തത്.

## Investigative Journalism

ഏതെങ്കിലും ഒരു തട്ടിപ്പുമായി ആരെങ്കിലും രംഗത്തുവരികയും പരസ്യങ്ങളിലൂടെ അതിൽ അനേകം പേരെ വീഴ്ത്തുകയും ചെയ്യുന്നത് കാണുമ്പോൾ അതിനക്കുറിച്ച് ഒരു പത്രപ്രവർത്തകൻ രഹസ്യമായി ചൂഴ്ന്നന്വേഷിക്കുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന രീതിയാണ് ഇത്. ആട്, തേക്ക്, മാഞ്ചിയം തട്ടിപ്പുകളെപ്പറ്റി അന്വേഷിച്ച് ഗൂഢാലോചന തകർത്ത മാധ്യമം ലേഖനം, മാതാ അമൃതാനന്ദമയിയുടെ ദീർഘകാല ശിഷ്യ ഗെയ്ൽ ട്രെഡ്വെൽ എഴുതിയ The Holy Hell (വിശുദ്ധനരകം) എന്ന പുസ്തകം തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. ആരെയെങ്കിലും അപമാനിക്കുക എന്നല്ല സമൂഹത്തെ തട്ടിപ്പിൽനിന്ന് രക്ഷപ്പെടുത്തുക എന്ന സദുദ്ദേശ്യമാണ് ഈ കുറ്റാന്വേഷണ ലേഖന രീതികൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ പരദൂഷണം എന്ന കുറ്റത്തിൽ ഇത് ഉൾപ്പെടുന്നില്ല. ഇതിന്റെ മാതൃക ക്വുർആനിൽ 4ാം അധ്യായം സൂറതുന്നിസാഅ് 105 മുതൽ 109 വരെയുള്ള വചനങ്ങളിൽ കാണാം. ഇതിലൂടെ ഒരു ഗൂഢാലോചനയെ തകർക്കുകയായിരുന്നു അല്ലാഹു.

ഒരിക്കൽ പ്രവാചകന്റെ കൂടെ യുദ്ധത്തിനുള്ള തയ്യാറെടുപ്പിന്നിടയിൽ ഒരാളുടെ പടയങ്കി കപട വിശ്വാസിയായ ബശീർ മോഷ്ടിച്ചു. ഒരു ജൂതന്റെ വീട്ടിൽ അദ്ദേഹമറിയാതെ അത് ഒളിപ്പിച്ചുവെച്ചു. പ്രവാചകൻ ആ ജൂതൻ കുറ്റക്കാരനാണെന്നും ബശീർ നിരപരാധിയാണെന്നും പറഞ്ഞു. ഈ ഗൂഢാലോചനയെ തകർത്തുകൊണ്ടാണ് അല്ലാഹു ഈ വചനങ്ങൾ ഇറക്കിയത്.

"നിനക്ക് അല്ലാഹുകാണിച്ചതനുസരിച്ച് ജനങ്ങൾക്കിടയിൽ നീ വിധികൽപിക്കാൻ വേണ്ടിയാണ് സത്യപ്രകാരം നാം നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിട്ടുള്ളത്. നീ വഞ്ചകൻമാർക്കുവേണ്ടി വാദിക്കുന്നവനാകരുത്" (ക്വുർആൻ 4:105).

## Interpretative Journalism

ഒരു വിഷയത്തെക്കുറിച്ച് വിശദീകരിക്കാൻ, ആദ്യംപറഞ്ഞ കാര്യങ്ങൾ പിന്നീട് വിശദമായി വ്യാഖ്യാനിക്കുന്ന രീതിയാണ് ഇത്. ഉദാ: ആകാശഭൂമികൾ, അഥവാ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത് 6 ദിവസങ്ങളിലാണ് എന്ന് ക്വുർആനിൽ നിരവധി സ്ഥലങ്ങളിൽ പറയുന്നു.

ഉദാ: "അവനാകുന്നു ആകാശഭൂമികളെ ആറ് ദിവസങ്ങളിലായി സൃഷ്ടിച്ചവൻ" (ഹൂദ് 7).

എന്താണ് ആറ് ദിവസങ്ങൾ എന്ന് സൂറഃ ഫുസ്സിലത്ത് (ഹാമീംസജദ) 9 മുതൽ 12 വരെയുള്ള വചനങ്ങളിൽ വിശദീകരിച്ച് പറയുന്നു.

## Adversary Journalism

വ്യക്തിയോ സംഘടനയോ ചെയ്യുന്ന സാമൂഹ്യതിന്മയെക്കുറിച്ച് മറ്റുള്ളവരെ ബോധവൽകരിക്കുകയും അദ്ദേഹവുമായി ബന്ധപ്പെടുന്നത് അപകടത്തിന് കാരണമാക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്ന ശൈലിയാണിത്. പൊതുനന്മയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

അബൂലഹബിന്റെ തിന്മയും അവന് വരാനിരിക്കുന്ന ദുരന്തവും വ്യക്തമായിക്കൊണ്ട് 111ാം അധ്യായം സൂറഃ അൽമസദിൽ പറയുന്നു: "അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവനു ഉപകാരപ്പെട്ടില്ല. തീജ്വാലകളുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറകുചുമട്ടുകാരിയായ അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈന്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും."

> **ഫ്ളാഷ് ബാക്ക് ജേർണലിസം ഈജിപ്ത്യൻ സാഹിത്യകാരനായ തൗഫീക്വുൽഹകീം തന്റെ അഹ്ലുൽകഹ്ഫ് എന്ന അറബി നാടകത്തിൽ ഉപയോഗിച്ചതായി കാണാം. ഡ്രാമ തുടങ്ങുന്നതുതന്നെ ഗുഹയിൽ 300 വർഷം ഉറങ്ങിക്കിടന്ന യംലീഖ, മിശ്ലേനിയ, മർനൂശ് എന്നീ വിശുദ്ധർ ഉണർന്ന് എഴുന്നേറ്റശേഷം ഗുഹയിൽ കിടന്ന കാലത്തെപ്പറ്റി ചർച്ച ചെയ്യുന്ന ഡയലോഗോടുകൂടിയാണ്. പിന്നീട് 300 വർഷം മുമ്പുള്ള അനുഭവങ്ങളെല്ലാം വിവരിക്കുന്നുണ്ട്. ഈ രീതി 14 നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ദൈവിക ഗ്രന്ഥം പ്രയോഗവൽക്കരിച്ചതായി മനസ്സിലാക്കാം.**

## In-depth or Flash Back Journalism

ഏതെങ്കിലും വലിയ ഒരു സംഭവം (വിമാന റാഞ്ചൽ, ഭൂകമ്പം പോലുള്ളവ) ഉണ്ടാകുമ്പോൾ അതിന്റെ റിപ്പോർട്ടിന്റെകൂടെ മുൻകാലങ്ങളിൽ സംഭവിച്ചിട്ടുള്ള സമാന സംഭവങ്ങളെക്കുറിച്ചുള്ള വിവരണം കൂടി പ്രസിദ്ധീകരിക്കുന്ന രീതിയെയാണ് Flash Back Journalism എന്ന് പറയുന്നത്.

ക്വുർആനിൽ സൂറഃ ത്വാഹാ 37 മുതൽ 40 വരെയുള്ള ആയത്തുകൾ ഇതിന് ഉദാഹരണമാണ്. മൂസാ നബിﷺ ത്വുവാതാഴ്‌വരയിൽ ഭാര്യയുടെയും മക്കളുടെയുംകൂടെ എത്തിയപ്പോൾ അല്ലാഹു അദ്ദേഹത്തെ വിളിച്ചു. വടി നിലത്തിട്ട് തിരിച്ചെടുക്കാനൊരുങ്ങുമ്പോൾ പാമ്പായി മാറുന്നതും കൈസൈഡിൽ ചേർത്തുവെച്ച് എടുക്കുമ്പോൾ വെള്ളനിറമാകുന്നതുമായ രണ്ട് അമാനുഷിക സിദ്ധികൾ നൽകി. ഫിർഔനിന്റെ അടുക്കലേക്ക് പോയി സത്യവിശ്വാസം ഉപദേശിക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ മൂസാ നബിﷺ കുറേ കാര്യങ്ങൾ ആവശ്യപ്പെട്ടു. പ്രശ്നങ്ങൾ നേരിടാൻ മനസ്സിന് വിശാലത നൽകാനും എളുപ്പം നൽകാനും, സ്ഫുടതയോടെ കാര്യങ്ങൾ അവതരിപ്പിച്ച് മനസ്സിലാക്കാനും ഹാറൂൻ നബിﷺയെ ഒപ്പം കൂട്ടാനുമൊക്കെ.

അതെല്ലാം അല്ലാഹു അനുവദിച്ചുകൊടുത്തു. അതോടെ കഴിഞ്ഞകാലത്ത്, മൂസാ നബിﷺ ശിശുവായിരിക്കുമ്പോൾ നൈൽ നദിയിൽ ഇടാൻ മാതാവിന് വഹ്‌യ് നൽകിയത് മുതൽക്കുള്ള സംഭവങ്ങൾ തുടങ്ങി മദ്‌യനിൽ എത്തിപ്പെട്ടതും വിവാഹിതനായതും അതുകഴിഞ്ഞ് ത്വുവാതാഴ്‌വരയിൽ എത്തിയതുവരെയുള്ളതുമായ സംഭവങ്ങൾ വിവരിച്ചു. ആ ആയത്തുകൾ ഇവയാണ്:


"മറ്റൊരിക്കലും നിനക്ക് നാം അനുഗ്രഹം ചെയ്തുതന്നിട്ടുണ്ട്. അതായത് നിന്റെ മാതാവിന് ബോധനം നൽകപ്പെടേ കാര്യം നാം ബോധനം നൽകിയസന്ദർഭത്തിൽ. നീ അവനെ (കുട്ടിയെ) പെട്ടിയിലാക്കിയിട്ട് നദിയിലിട്ടേക്കുക. നദി ആ പെട്ടി കരയിൽ തള്ളിക്കൊള്ളും. എനിക്കും അവന്നും ശത്രുവായിട്ടുള്ള ഒരാൾ അവനെ എടുത്ത് കൊള്ളും. (ഹേ; മൂസാ,) എന്റെ പക്കൽനിന്നുള്ള സ്നേഹം നിന്റെമേൽ ഞാൻ ഇട്ടുതരികയും ചെയ്തു. എന്റെ നോട്ടത്തിലായിക്കൊണ്ട് നീ വളർത്തിയെടുക്കപ്പെടാൻ വേണ്ടിയും കൂടിയാണത്. നിന്റെ സഹോദരി നടന്ന് ചെല്ലുകയും ഇവന്റെ (കുട്ടിയുടെ) സംരക്ഷണമേൽക്കാൻ കഴിയുന്ന ഒരാളെപ്പറ്റി ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ എന്ന് പറയുകയും ചെയ്യുന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു). അങ്ങനെ നിന്റെ മാതാവിങ്കലേക്ക് തന്നെ നിന്നെ നാം തിരിച്ചേൽപിച്ചു. അവളുടെ കൺകുളിർക്കുവാനും അവൾ ദുഃഖിക്കാതിരിക്കുവാനും വേണ്ടി..." (ത്വാഹാ 37-40.)

ഈ സാഹിത്യശൈലി ഈജിപ്ത്യൻ സാഹിത്യകാരനായ തൗഫീക്വുൽഹകീം തന്റെ അഹ്‌ലുൽ കഹ്ഫ് എന്ന അറബി നാടകത്തിൽ ഉപയോഗിച്ചതായി കാണാം. ഡ്രാമ തുടങ്ങുന്നതുതന്നെ ഗുഹയിൽ 300 വർഷം ഉറങ്ങിക്കിടന്ന യംലീഖ, മിശ്ലേനിയ, മർനൂശ് എന്നീ വിശുദ്ധർ ഉണർന്ന് എഴുന്നേറ്റശേഷം ഗുഹയിൽ കിടന്ന കാലത്തെപ്പറ്റി ചർച്ച ചെയ്യുന്ന ഡയലോഗോടുകൂടിയാണ്. പിന്നീട് 300 വർഷം മുമ്പുള്ള അനുഭവങ്ങളെല്ലാം വിവരിക്കുന്നുണ്ട്. ഈ രീതി 14 നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ദൈവിക ഗ്രന്ഥം പ്രയോഗവൽക്കരിച്ചതായി മനസ്സിലാക്കാം.

## Summarization Method

വിവരിക്കാതെതന്നെ മനസ്സിലാക്കാവുന്ന കാര്യങ്ങൾ വിട്ടുകളയുകയാണെങ്കിൽ നീളമുള്ള പാസ്സേജുകളോ കഥകളോ ചുരുക്കിപ്പറയാം. ഈ മാർഗം ക്വുർആൻ ഉപയോഗിച്ചതായി കാണാം. ഒരു ഉദാഹരണം പറയാം.

മൂസാ നബിﷺയോട് ത്വുവാതാഴ്‌വരയിൽവെച്ച് അല്ലാഹു ദീർഘമായി നേരിട്ട് സംസാരിച്ചു. ശേഷം മൂസാ നബിﷺയോടും ഹാറൂൻ നബിﷺയോടും ഫിർഔനിന്റെ അടുക്കൽ പോയി ഇങ്ങനെ പറ



യാൻ പറയുന്നു: "നിഷേധിച്ച് തള്ളുകയും പിന്തിരിയുകയും ചെയ്തവർക്കാണ് ശിക്ഷയുള്ളതെന്ന് തീർച്ചയായും ഞങ്ങൾക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു"(20:48).

ഇതിനുശേഷം താഴെ എഴുതിയ കാര്യങ്ങൾ വിട്ടുകളഞ്ഞു:

'അങ്ങനെ മൂസാعليه السلام ഭാര്യയുടെയും മക്കളുടെയും കൂടെ തുവാതാഴ്‌വരയിൽനിന്ന് മടങ്ങി. കുടുംബത്തെ സുരക്ഷിതസ്ഥാനത്ത് എത്തിച്ചു. പിന്നീട് ഈജിപ്തിലേക്ക് പോയി. സഹോദരനായ ഹാറൂനിعليه السلامനോട് ദൗത്യ നിർവഹണത്തെക്കുറിച്ച് അറിയിക്കുന്നു. തുടർന്ന് രണ്ടുപേരും ഫിർഔനിന്റെ കൊട്ടാരത്തിലേക്ക് പുറപ്പെട്ടു. കൊട്ടാരത്തിലെത്തി. സമ്മതം കിട്ടി. അകത്തുകടന്ന് ഫിർഔനിനോട് പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ ദൂതന്മാരാണ്. അതിനാൽ ഇസ്രാഈല്യരെ ഞങ്ങളുടെ കൂടെ വിട്ടുതരിക. എന്നിട്ട് ഇപ്രകാരം പറഞ്ഞു:

'നിഷേധിച്ച് തള്ളുകയും പിന്മാറിക്കളയുകയും ചെയ്തവർക്കാണ് ശിക്ഷയുള്ളതെന്ന് ഞങ്ങൾക്ക് ബോധനം നൽകപ്പെട്ടിരിക്കുന്നു' (ത്വാഹാ 48).

ഇതിനിടയിലുള്ള കാര്യങ്ങൾ വിട്ടുകളഞ്ഞാലും നമുക്ക് ഗ്രഹിക്കാൻ കഴിയുമെന്നതിനാലാണ് ഒഴിവാക്കിയിരിക്കുന്നതെന്നു മനസ്സിലാക്കാം.

## News Editing (വാർത്തകൾ തയ്യാറാക്കൽ)

പത്രവാർത്തകൾ എഡിറ്റിംഗ് ചെയ്യാൻ ജേർണലിസ്റ്റുകൾക്ക് പരിശീലനം നൽകാറുണ്ട്. ആദ്യത്തിൽ ഏറ്റവും ആകർഷകമായ ഒരു ഹെഡ്ഡിംഗ്, പിന്നീട് വാർത്തകളിൽനിന്ന് ഏറ്റവും പ്രധാനപ്പെട്ട കുറച്ച് ഭാഗം എടുത്ത് ചുരുക്കി, കട്ടികൂടിയ അക്ഷരങ്ങളിൽ എഴുതുക. പിന്നീട് വാർത്തകൾ വിശദമായി റിപ്പോർട്ട് എഴുതുക.

ഉദാഹരണം നോക്കുക: അധ്യായം 12 സൂറഃ യൂസുഫ് 3ാം വചനത്തിൽ ഹെഡ്ഡിംഗിന് തുല്യമായ ഭാഗം അഹ്‌സനൽ ക്വസ്വസ് (ദി ബെസ്റ്റ് സ്റ്റോറി-ഏറ്റവും നല്ല കഥ) എന്ന ഭാഗം എടുക്കാം. പിന്നീട് 4 മുതൽ 7 വരെയുള്ള വചനങ്ങൾ യൂസുഫ് നബിعليه السلامയുടെ കഥ ചുരുക്കിപ്പറഞ്ഞുകൊണ്ട് കഥയിലേക്ക് ശ്രദ്ധതിരിക്കുന്നു. പിന്നീട് 7ാം വചനം മുതൽ വിശദമായി പറയുന്നു: "തീർച്ചയായും യൂസുഫിലും അവന്റെ സഹോദരന്മാരിലും ചോദിച്ച് മനസ്സിലാക്കുന്നവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്." 7 മുതൽ 101 വരെയുള്ള വചനങ്ങൾ യൂസുഫ് നബിعليه السلامയുടെ കഥ വിശദമായി വിശദീകരിക്കുന്നു.

## Climax (മൂർധന്യം)

ഏത് കഥകളിലും ഡ്രാമകളിലും വൈകാരികതയുടെ ഏറ്റവും മൂർധന്യാവസ്ഥ ധ്വനിപ്പിക്കുന്ന ഒരു രംഗം ഉണ്ടാകും. അതാണ് ഏറ്റവും മേന്മയേറിയ കഥ, നാടകം, നോവൽ മുതലായവയുടെ



പ്രധാനപ്പെട്ട ഒരു പ്രത്യേകത. സൂറഃ യൂസുഫിലെ രണ്ട് മൂർധന്യരംഗങ്ങൾ ഇവയാണ്:

യൂസുഫ് സഹോദരന്മാരോട് ചോദിക്കുന്നു: "...നിങ്ങൾ അറിവില്ലാത്തവരായിരുന്നപ്പോൾ യൂസുഫിന്റെയും അവന്റെ സഹോദരന്റെയും കാര്യത്തിൽ നിങ്ങൾ ചെയ്തതെന്താണെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? അവർ ചോദിച്ചു: നീ തന്നെയാണോ യൂസുഫ്? അദ്ദേഹം പറഞ്ഞു: ഞാൻ തന്നെയാണ് യൂസുഫ്. ഇതെന്റെ സഹോദരനും..." (യൂസുഫ്: 89,90).

മറ്റൊരു മൂർധന്യത ഇതാണ്: "അനന്തരം അവർ യൂസുഫിന്റെ മുമ്പാകെ പ്രവേശിച്ചപ്പോൾ അദ്ദേഹം തന്റെ മാതാപിതാക്കളെ തന്നിലേക്ക് അണച്ച് കൂട്ടി..." (യൂസുഫ് 99).

ചെറുപ്പത്തിൽ നഷ്ടപ്പെട്ടുപോയ മകനെ എത്രയോ വർഷങ്ങൾക്ക്ശേഷം വീണ്ടും കണ്ടുമുട്ടുന്ന അവസരത്തിലെ വൈകാരികത എത്രത്തോളമുണ്ടാകുമെന്ന് ചിന്തിക്കുക. നായകന് ശുഭകരമായ പര്യവസാനത്തോട്കൂടി അവസാനിക്കുന്നതിനാൽ സൂറഃ യൂസുഫ്, ശുഭപര്യവസായത്തിന്അഥവാ കോമഡിക്ക് ഏറ്റവും നല്ല ഉദാഹരണമാണ്.

ക്വുർആനിന്റെ സാഹിത്യപരമായ അമാനുഷികതയാണ് നമുക്ക് ഇതിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നത്.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com






# ക്വിബ്‌ല മാറ്റം

**മുഹമ്മദ് നബിﷺ 34**

നബിﷺ മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്‌റ പോകുന്നതിന് മുമ്പും മദീനയിൽ എത്തിയതിന് ശേഷം ഏതാനും മാസക്കാലവും ബയ്തുൽമുക്വദ്ദസിലേക്ക് തിരിഞ്ഞായിരുന്നു നമസ്‌കാരം നിർവഹിച്ചിരുന്നത് എന്ന് നാം നേരത്തെ പറഞ്ഞുവല്ലോ. മദീനയിൽ എത്തിയതിന് ശേഷം പതിനാറോ പതിനേഴോ മാസമാണ് നബിﷺയും വിശ്വാസികളും ബയ്തുൽമുക്വദ്ദസിലേക്ക് തിരിഞ്ഞ് നമസ്‌കരിച്ചിരുന്നത്. പിന്നീട് ഹിജ്‌റ രണ്ടാം വർഷം റജബ് മാസത്തിലെ പകുതിയിലാണ് കഅ്ബയിലേക്ക് തിരിഞ്ഞു നമസ്‌കരിക്കാനുള്ള അല്ലാഹുവിന്റെ കൽപന ലഭിച്ചത് എന്നതാണ് പ്രബലമായ അഭിപ്രായം.

ഇബ്‌റാഹീം നബിﷺയും മകന്‍ ഇസ്മാഈല്‍ നബിﷺയും ചേര്‍ന്ന് പടുത്തുയര്‍ത്തിയ കഅ്ബ യിലേക്ക് തിരിഞ്ഞു നമസ്‌കരിക്കാന്‍ അല്ലാഹു അനുവാദം നല്‍കിയിരുന്നെങ്കില്‍ എന്ന് നബിﷺ പലപ്പോഴും ആഗ്രഹിച്ചിരുന്നു. മാത്രവുമല്ല, യഹൂദികള്‍ നബിﷺയെ ഇപ്രകാരം പറഞ്ഞ് പരിഹസിക്കാറുമുണ്ടായിരുന്നു: 'മുഹമ്മദ് നമ്മളോട് എതിരാകുന്നു. എന്നാല്‍ അവന്‍ നമ്മുടെ ക്വിബ്‌ലയെ പിന്തുടരുകയും ചെയ്യുന്നു.'

'നമ്മടെ മതവിശ്വാസം ശരിയല്ലെന്ന് പറയുന്നവനാണ് മുഹമ്മദ്, നമ്മോട് എല്ലാ കാര്യത്തിലും എതിരുപ്രവര്‍ത്തിക്കുന്നവനാണ്. എന്നാല്‍ നമ്മുടെ ക്വിബ്‌ലയിലേക്കാണല്ലോ അവനും തിരിയുന്നത്. അതിനാല്‍ നമ്മുടെ ദീനിനല്ല പിഴവെന്നും അവന്റെ ദീനിനാണ് പിഴവെന്നും, നാം അവനിലേക്കല്ല ചേരേണ്ടതെന്നും അവന്‍ നമ്മിലേക്കാണ് ചേരേണ്ടത്' എന്നും പറഞ്ഞായിരുന്നു ക്വിബ്‌ലയുടെ പേരില്‍ അവര്‍ നബിﷺയെ പരിഹസിച്ചിരുന്നത്. ഈ പരിഹാസം നബിﷺക്ക് വിഷമമുണ്ടാക്കുകയും ചെയ്തിരുന്നു. ആയതിനാല്‍ ബയ്തുല്‍ മുക്വദ്ദസില്‍നിന്നും മാറി കഅ്ബയിലേക്ക് തിരിഞ്ഞു നമസ്‌കരിക്കാന്‍ അല്ലാഹു അനുവദിച്ചിരുന്നെങ്കില്‍ എന്ന് അവിടുന്ന് ആഗ്രഹിച്ചിരുന്നു. നബിﷺക്ക് കഅ്ബയിലേക്ക് തിരിയാന്‍ ആഗ്രഹമുണ്ടായതുകൊണ്ട് മാത്രം കാര്യമില്ലല്ലോ. ഒരാളുടെയും ഇഷ്ടമോ അനിഷ്ടമോ അല്ല മതത്തില്‍ നിയമമാക്കപ്പെടുന്നത്. അല്ലാഹുവിന്റെ ഇഷ്ടവും അനിഷ്ടവുമാണ് മതത്തിലെ നിയമങ്ങള്‍. അതിനാല്‍ തന്നെ നബിﷺ അല്ലാഹുവിന്റെ വഹ്‌യ് ലഭിക്കുന്നതുവരെ ബയ്തുല്‍മുക്വദ്ദസിലേക്കുതന്നെ തിരിഞ്ഞു നമസ്‌കരിക്കുകയാണ് ചെയ്തത്.

കഅ്ബഃയിലേക്ക് തിരിഞ്ഞു നമസ്‌കരിക്കാനുള്ള അനുവാദം ലഭിക്കുന്ന വഹ്‌യിനായി നബിﷺ പലപ്പോഴും ആകാശത്തേക്ക് നോക്കി നില്‍ക്കുമായിരുന്നു. നബിﷺയുടെ ആഗ്രഹം അല്ലാഹു പിന്നീട് സാക്ഷാത്കരിച്ചു. അല്ലാഹു കഅ്ബയിലേക്ക് തിരിഞ്ഞ് നമസ്‌കരിക്കാനുള്ള അനുവാദം നല്‍കി.

"(നബിയേ,) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞുകൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാല്‍ നിനക്ക് ഇഷ്ടമാകുന്ന ഒരു ക്വിബ്‌ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേല്‍ നീ നിന്റെ മുഖം മസ്ജിദുല്‍ ഹറാമിന്റെ നേര്‍ക്ക് തിരിക്കുക. നിങ്ങള്‍ എവിടെയായിരുന്നാലും അതിന്റെ നേര്‍ക്കാണ് നിങ്ങള്‍ മുഖം തിരിക്കേണ്ടത്" (ക്വുര്‍ആന്‍ 2:144).

അങ്ങനെ മുസ്‌ലിംകള്‍ക്ക് സ്വതന്ത്രമായ ഒരു ക്വിബ്‌ല അന്നുമുതല്‍ നിശ്ചയിക്കപ്പെട്ടു. യഹൂദികള്‍ക്ക് ഇനി പരിഹസിക്കാന്‍ അവസരം ഇല്ലല്ലോ.

ഈ നിയമം ഇറങ്ങിയപ്പോള്‍ യഹൂദികള്‍ക്കും അറേബ്യന്‍ മുശ്‌രിക്കുകള്‍ക്കും കപടവിശ്വാസികള്‍ക്കും അത് സഹിച്ചില്ല. അവര്‍ പല അഭിപ്രായങ്ങളും പറഞ്ഞുപരത്തി. യഹൂദികള്‍ക്ക് സഹിക്കാന്‍ കഴിയാത്ത ഒരു നിയമമായിരുന്നു അത്. കാരണം, ആകെ നബിﷺക്ക് എതിരില്‍ എന്തെങ്കിലും പറയാനുള്ളത് ക്വിബ്‌ലയുടെ വിഷയമായിരുന്നു. അതും ഇല്ലാതായി. അവര്‍ ദുഷ്പ്രചാരണങ്ങള്‍ തുടങ്ങി. 'പൂര്‍വ പ്രവാചകന്മാരുടെ ക്വിബ്‌ലയെ മുഹമ്മദ് തള്ളി. അതിലേക്ക് വീണ്ടും തിരിച്ചുവരാതെ ഞങ്ങള്‍ അവനെ സ്വീകരിക്കില്ല. മുഹമ്മദിന് ഒന്നിലും സ്ഥിരതയില്ല. ഒരിക്കല്‍ തന്റെ പിതാക്കളുടെ ക്വിബ്‌ലയായ കഅ്ബ വേണ്ടെന്നുവെച്ചു. ഇപ്പോഴിതാ വീണ്ടും അതുതന്നെ സ്വീകരിച്ചിരിക്കുന്നു. കുറെ കഴിയുമ്പോള്‍ ഇതുപോലെ ഞങ്ങളുടെ (വിഗ്രഹ) മതത്തിലേക്കു തന്നെ തിരിച്ചുവന്നേക്കും' എന്നിങ്ങനെ അവര്‍ പറഞ്ഞുനടന്നു.




മുശ്‌രിക്കുകളും ഈ അവസരം മുതലെടുത്തു പലതും പറയാൻ തുടങ്ങി. കപടവിശ്വാസികൾക്ക് സ്വന്തമായ ഒരുറച്ച നിലപാടില്ലാത്തതുകൊണ്ട് അവസരംപോലെ അവരും അതെല്ലാം ഏറ്റെടുത്തു. അധികം ഒച്ചപ്പാടുണ്ടാക്കിയതും ദുർബല ഹൃദയരായ മുസ്‌ലിംകളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ കാരണമാക്കിയതും ചില യഹൂദികളായിരുന്നു. 'മുഹമ്മദിന്റെ മതം അല്ലാഹുവിൽനിന്നുള്ളതല്ല. ആണെന്നുണ്ടെങ്കിൽ ഒരിക്കൽ നടപ്പിലാക്കിയ നിയമം അവൻ പിന്നീട് മാറ്റുകയില്ലല്ലോ. സ്വയം നിർമിക്കുന്ന മതമായതുകൊണ്ടാണ് ഇങ്ങനെ മാറ്റിപ്പറയേണ്ടി വരുന്നത്' എന്നു പറഞ്ഞ് അവർ അവരെ ആശയക്കുഴപ്പത്തിലാക്കിയിരുന്നു. ക്വിബ്‌ലമാറ്റം മുഖേന മതത്തിന്റെ അടിത്തറതന്നെ പൊളിഞ്ഞു പോയതായി ശത്രുക്കൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നു. അല്ലാഹു എല്ലാവർക്കുമായി ഒറ്റ മറുപടി ഇറക്കി:

"ഇവർ ഇതുവരെ (പ്രാർഥനാവേളയിൽ) തിരിഞ്ഞുനിന്നിരുന്ന ഭാഗത്തുനിന്ന് ഇവരെ തിരിച്ചുവിട്ട കാരണമെന്താണെന്ന് മൂഢൻമാരായ ആളുകൾ ചോദിച്ചേക്കും. (നബിയേ,) പറയുക: അല്ലാഹുവിന്റേത് തന്നെയാണ് കിഴക്കും പടിഞ്ഞാറുമെല്ലാം. അവൻ ഉദ്ദേശിക്കുന്നവരെ അവൻ നേരായ മാർഗത്തിലേക്ക് നയിക്കുന്നു." (ക്വുർആൻ 2:142).

ക്വിബ്‌ല മാറ്റവുമായി നബിﷺയെ ആക്ഷേപിച്ചവരെ മുഴുവൻ മൂഢൻമാരായി വിശേഷിപ്പിച്ചതിലൂടെ അവരുടെ വാദഗതികളെല്ലാം മറുപടിയർഹിക്കാത്തതാണെന്ന് അല്ലാഹു വ്യക്തമാക്കി. കിഴക്കും പടിഞ്ഞാറുമെല്ലാം അല്ലാഹുവിന്റേതാണല്ലോ. ഏതുഭാഗത്തേക്കാണ് തന്റെ ദാസൻമാർ തിരിയേണ്ടതെന്ന് തീരുമാനിക്കാനുള്ള അവകാശവും അധികാരവും അവനുണ്ട്. ആ അവകാശത്തെയും അധികാരത്തെയും ചോദ്യംചെയ്യുന്നവർ വിവരമില്ലാത്തവരാണ്. എന്നാൽ അല്ലാഹുവിന്റെ ഏത് കൽപനയെയും അനുസരണയോടെ സ്വീകരിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അല്ലാഹുവിന്റെ കൽപനയെ അനുസരണയോടെ സ്വീകരിക്കാനുള്ള ഭാഗ്യം എല്ലാവർക്കും ലഭിക്കില്ല. അത് അല്ലാഹു ഉദ്ദേശിക്കുന്നവർക്കേ ലഭിക്കുകയുള്ളൂ എന്ന ആശയം വ്യക്തമാക്കുന്ന വചനം ഇറങ്ങിയതോടെ ആശയക്കുഴപ്പമുണ്ടാക്കി ലാഭം കൊയ്യാം എന്ന് വ്യാമോഹിച്ചവർക്കെല്ലാം വൻ തിരിച്ചടിയാണ് ലഭിച്ചത്. സർവ മുന്നണികളുടെയും ദുരാരോപണത്തെ ശക്തിയുക്തം പ്രമാണത്താൽ പരാജയപ്പെടുത്തി.

ക്വിബ്‌ല മാറ്റം മദീനയിൽ വമ്പിച്ച കോളിളക്കമാണ് ഉണ്ടാക്കിയത്. ഇതിലൂടെ പല കാര്യങ്ങളും വിശ്വാസികളെ പഠിപ്പിക്കുവാനും സാധിച്ചു.

"അപ്രകാരം നാം നിങ്ങളെ ഒരു ഉത്തമ സമുദായമാക്കിയിരിക്കുന്നു. നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും റസൂൽ നിങ്ങൾക്ക് സാക്ഷിയായിരിക്കുവാനും വേണ്ടി. റസൂലിനെ പിൻപറ്റുന്നതാരൊക്കെയെന്നും പിൻമാറിക്കളയുന്നതാരൊക്കെയെന്നും തിരിച്ചറിയുവാൻ വേണ്ടി മാത്രമായിരുന്നു നീ ഇതുവരെ തിരിഞ്ഞുനിന്നിരുന്ന ഭാഗത്തെ നാം ക്വിബ്‌ലയായി നിശ്ചയിച്ചത്. അല്ലാഹു നേർവഴിയിലാക്കിയവരൊഴിച്ച് മറ്റെല്ലാവർക്കും



അത് (ക്വിബ്‌ല മാറ്റം) ഒരു വലിയ പ്രശ്നമായിത്തീർന്നിരിക്കുന്നു. അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കിക്കളയുന്നതല്ല. തീർച്ചയായും അല്ലാഹു മനുഷ്യരോട് അത്യധികം ദയയുള്ളവനും കരുണാനിധിയുമാകുന്നു” (ക്വുർആൻ 2:143).

നബിﷺയുടെ കൽപനകൾ അക്ഷരംപ്രതി സ്വീകരിക്കേണ്ടതുണ്ടെന്ന് ജനങ്ങൾ അറിയുക എന്നത് ഈ നിയമം നടപ്പിലാക്കുന്നതിലൂടെ അല്ലാഹു ഉദ്ദേശിച്ചിരിക്കുന്നു. കാരണം, ശത്രുക്കളുടെ ജൽപനങ്ങൾ അത്രമേൽ ശക്തമായിരുന്നു. മുഹമ്മദിന്റെ മതം അല്ലാഹു ഇറക്കിയതല്ലെന്നും, അവൻ സ്വയം നിർമിച്ചെടുത്തതാണെന്നും, അതിനാലാണ് സ്ഥിരതയില്ലാതെ അങ്ങോട്ടും ഇങ്ങോട്ടും മാറ്റക്കളിക്കുന്നതെന്നും, അവന്റെ കൂടെ കൂടിയവർക്ക് നഷ്ടമാണ് സംഭവിക്കുക എന്നുമൊക്കെയാണല്ലോ പ്രചാരണം. ഇവരുടെ ഈ ദുഷ്പ്രചാരണത്തിൽ ചിലർ പെട്ടുപോകുകയും ഇസ്‌ലാമിൽനിന്ന് പുറത്തു പോകുകയും ചെയ്തിട്ടുണ്ട്. ഈ പ്രചാരണവേലയിൽ കുടുങ്ങാതെ നബിﷺയിൽ വിശ്വസിച്ച് അടിയുറച്ച് നിൽക്കാൻ സാധിക്കണമെങ്കിൽ കടുത്ത ഈമാൻ തന്നെ വേണ്ടതുണ്ട്. ആ ഈമാൻ ആർക്കാണുള്ളത് എന്ന് പരീക്ഷിക്കുകയാണ് അല്ലാഹു ഈ നിയമം നടപ്പിലാക്കുന്നതിലൂടെ ചെയ്തത്. ഒരു സത്യം സത്യമാണെന്ന് മനസ്സിലായാലും അത് അംഗീകരിക്കാതെ ഇന്നും പഴയ പല്ലവി പറഞ്ഞ് കളവാക്കുന്നവരുണ്ടല്ലോ. ഈ സ്വഭാവം ഒരു വിശ്വാസിക്ക് ചേർന്നതല്ല. ചിലപ്പോൾ ആദ്യകാലത്ത് കേട്ടതും മനസ്സിലാക്കിവെച്ചതുമെല്ലാം സത്യത്തിന് എതിരാകും. അത് മനസ്സിലായാൽ അസത്യം വിട്ട് സത്യം സ്വീകരിക്കുകയാണ് വേണ്ടത്. അതിനുപകരം അഹങ്കാരത്തോടെ ആ തെറ്റിൽതന്നെ ഉറച്ചുനിന്നാൽ നഷ്ടം സംഭവിക്കുന്നത് ആർക്കാണ്? നേരത്തെ മനസ്സിലാക്കിവെച്ച കാര്യങ്ങൾ തെറ്റാണെന്ന് പിന്നീട് മനസ്സിലാകുകയും, അത് ജനങ്ങളോട് പറയുകയും ചെയ്താൽ ‘ഇവർക്ക് സ്ഥിരതയില്ലാത്ത ആദർശമാണ്. ഇന്ന് ഒന്ന് പറയുന്നു, നാളെ മറ്റൊന്ന് പറയുന്നു. സ്ഥിരതയില്ലാത്ത ഈ ആദർശത്തെ ഒഴിവാക്കൂ’ എന്ന് പെരുമ്പറയിടുന്ന ആളുകളെ നമുക്ക് കാണാം. അങ്ങനെ സത്യത്തിൽനിന്ന് വ്യതിചലിച്ച് അസത്യത്തിന്റെ വക്താക്കളാകുന്ന പലരെയും ഇക്കാലത്തും നാം കാണുന്നു. ഇത്തരക്കാരുടെ എണ്ണം നാൾക്കുനാൾ കൂടുകയേ ഉള്ളൂ. സത്യത്തിന്റെ കൂടെ നിൽക്കാനും സത്യദീനിന്റെ പ്രയോക്താക്കളാകാനും അല്ലാഹു നമുക്ക് എന്നും തൗഫീക് പ്രദാനം ചെയ്യുമാറാകട്ടെ, ആമീൻ.

‘കുറെ ആളുകൾ ബയ്തുൽമുക്വദ്ദസിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയും അങ്ങനെ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. അവരുടെ നമസ്കാരം വെറുതെയായില്ലേ’ എന്നായിരുന്നു അവർ പ്രചരിപ്പിച്ച മറ്റൊരു കാര്യം. ഇങ്ങനെ പലതും പറഞ്ഞ് അവർ വിശ്വാസികളിൽ ആശയക്കുഴപ്പം ഉണ്ടാക്കാൻ ശ്രമിച്ചു. ഇവരുടെ ഈ പ്രചാരണം ചില സ്വഹാബികളെ സംശയത്തിലാക്കി. ആ സംശയത്തിനും ഈ വചനത്തിലൂടെ അല്ലാഹു മറുപടി നൽകി. ആരുടെയും ഈമാൻ പാഴായിപ്പോകില്ലെന്നും അല്ലാഹു ഓരോരുത്തരുടെയും നമസ്കാരത്തിന് തക്കതായ പ്രതിഫലം നൽകുന്നതാണെന്നും അറിയിച്ചു.




മസ്ജിദുൽ ഹറാമിലേക്ക് തിരിഞ്ഞു നമസ്കരിക്കാനുള്ള അല്ലാഹുവിന്റെ കൽപന ലഭിച്ചശേഷം അതിനുനേരെ തിരിഞ്ഞ് ആദ്യമായി നിർവഹിക്കപ്പെട്ടത് അസ്വ്ർ നമസ്കാരമായിരുന്നു എന്ന് ഹദീഥുകളിൽ നമുക്ക് കാണാവുന്നതാണ്.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# കുടുംബബന്ധം ചേർക്കുന്നതിന്റെ നേട്ടങ്ങൾ

**അനസ് ഇബ്നു മാലികി(റ)ൽനിന്ന് നിവേദനം; നബി(സ) പറഞ്ഞു: "ആർക്കെങ്കിലും തന്റെ ഉപജീവനത്തിൽ വിശാലത ഉണ്ടാകണമെന്നും തന്റെ ആയുസ്സ് ദീർഘിപ്പിക്കപ്പെടമെന്നും താൽപര്യമുണ്ടെങ്കിൽ അവൻ കുടുംബബന്ധം ചേർത്തുകൊള്ളട്ടെ" (ബുഖാരി)**

ഈ ഹദീഥിൽ പറഞ്ഞ ആയുസ്സിന്റെ വർധനവ്, ഉപജീവനത്തിന്റെ വിശാലത എന്നിവയുടെ ആശയത്തെക്കുറിച്ച് പണ്ഡിതന്മാർ പറഞ്ഞത് താഴെ പറയും പ്രകാരമാകുന്നു: 1) വർധനവ്കൊണ്ടുള്ള ഉദ്ദേശമെന്താണെന്നാൽ; കുടുംബബന്ധം ചേർക്കുന്നവന്റെ ആയുസ്സിൽ അല്ലാഹു അനുഗ്രഹം ചൊരിയുകയും അവന് ശാരീരികവും മാനസികവുമായ ശക്തിയും തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള ഇച്ഛാശക്തിയും നൽകി അവന്റെ ജീവിതം സുഖസുന്ദരമാക്കിത്തീർക്കുകയും ചെയ്യും. 2) വർധനവ് അതിന്റെ യഥാർഥ അർഥത്തിൽ തന്നെ: അപ്പോൾ കുടുംബബന്ധം ചേർക്കുന്നവന് അവന്റെ ആയുസ്സ് അല്ലാഹു വർധിപ്പിക്കുകയും അവന്റെ ഉപജീവനത്തിൽ സുഭിക്ഷത നൽകുകയും ചെയ്യുമെന്ന് സാരം.

"ആരോഗ്യവും ശുദ്ധവായുവും നല്ലഭക്ഷണവും മാനസിക സന്തോഷവും ആയുർദൈർഘ്യത്തിന്റെ കാരണമാണ്. അതുപോലെത്തന്നെ കുടുംബബന്ധം ചേർക്കലിനെ ആയുർദൈർഘ്യത്തിന്റെ ദൈവികമായ ഒരു കാരണമായി നിശ്ചയിച്ചിരിക്കുകയാണ്. അഥവാ ഇഹലോകത്ത് ഇഷ്ടപ്പെട്ടത് കൈവരിക്കാനുള്ള കാരണങ്ങൾ രണ്ടാകുന്നു: ഒന്ന്) പഞ്ചേന്ദ്രിയങ്ങളുടെ പരിധിയിൽ പെട്ടതും ബുദ്ധിക്ക് മനസ്സിലാകുന്നതുമായവ. രണ്ട്) ദൈവികമായവ. ലോകത്ത് നടക്കുന്ന സർവകാര്യങ്ങളുടെയും കാരണങ്ങളുടെയും ഉടമസ്ഥനും തന്റെ ഇച്ഛപോലെ എല്ലാം നടത്തുന്നവനുമായ എല്ലാറ്റിനും കഴിവുള്ള ദൈവം കണക്കാക്കിയ കാര്യങ്ങൾ" (ബഹ്ജതു ക്വുലൂബിൽ അബ്റാർ-ഇബ്നു സഅദി, പേജ് 74,75).

എന്നാൽ ഇക്കാര്യത്തിൽ ചിലർക്ക് സംശയങ്ങളുണ്ട്. അവർ പറയുന്നു: "ഭക്ഷണം തീരുമാനിക്കപ്പെട്ടതും ആയുസ്സ് നിർണയിക്കപ്പെട്ടതുമാണെങ്കിൽ 'ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേരം വൈകിക്കുകയോ നേരത്തെയാക്കുകയോ ഇല്ല' (അഅ്റാഫ് 34) എന്ന ക്വുർആൻ വചനത്തിന്റെ ആശയമെന്ത്? ഈ ആയത്തിനെയും മുൻചൊന്ന ഹദീഥിനെയും എങ്ങനെ സംയോജിപ്പിക്കും?"

അതിനുള്ള മറുപടി ഇതാണ്: വിധി എന്നത് രണ്ടുതരമാണ്. ഒന്നാമത്തേത് സ്ഥിരീകരിക്കപ്പെട്ടത് അഥവാ നിരുപാധികമായത്. അത് ഉമ്മുൽ കിതാബിൽ (ലൗഹുൽ മഹ്ഫൂദിൽ) ഉള്ളതാകുന്നു. അതിന് മാറ്റമില്ല. രണ്ടാമത്തേത് സോപാധികമായത്. അത് മലക്കുകളുടെ ഏടുകളിലുള്ളതാണ്. മാറ്റത്തിരുത്തലുകൾ അതിലാണുള്ളത്; അഥവാ സംഭവിക്കുന്നത്.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ(റഹി) പറഞ്ഞിരിക്കുന്നു: "അവധി രണ്ടുതരമാകുന്നു. 1) അല്ലാഹുവിന്റെ അറിവിൽ മാത്രം പെട്ടതും നിരുപാധികമായതും. 2) സോപാധികമായത്. അതാണ് താഴെ വരുന്ന പ്രവാചക വചനം വ്യക്തമാക്കുന്നത്: "തന്റെ ഭക്ഷണത്തിൽ വിശാലത നൽകപ്പെടുന്നതും അവധി നീട്ടികിട്ടുന്നതും ആരെയെങ്കിലും സന്തോഷിപ്പുക്കുന്നുവെങ്കിൽ അവൻ തന്റെ കുടുംബബന്ധം ചേർത്തിക്കൊള്ളട്ടെ."

അവന് അവധി എഴുതിവെക്കാൻ അല്ലാഹു മലക്കിനോട് കൽപിച്ചിരിക്കുന്നു. അല്ലാഹു ഇപ്രകാരം പറയുകയും ചെയ്യുന്നു: "അവൻ കുടുംബബന്ധം ചേർക്കുന്നവനാണെങ്കിൽ അവന് ഞാൻ ഇന്നിന്ന പ്രകാരം വർധിപ്പിച്ചുകൊടുത്തിട്ടുണ്ട്.' വർധിപ്പിച്ചുവോ ഇല്ലയോ എന്ന് മലക്ക് അറിയുകയില്ല. എന്നാൽ അവന്റെ അവധി എന്നാണെന്ന് അല്ലാഹുവിന് അറിയാം. അത് എത്തിക്കഴിഞ്ഞാൽ പിന്നീട് മുന്തിക്കപ്പെടുകയോ പിന്തിക്കപ്പെടുകയോ ഇല്ല" (മജ്മൂഉൽ ഫതാവാ: 8/517). ഭക്ഷണത്തെക്കുറിച്ച് അത് വർധിക്കുമോ കുറയുമോ എന്ന് ചോദിക്കപ്പെട്ടപ്പോൾ ഇബ്നുതൈമിയ പറഞ്ഞു: "ഭക്ഷണം രണ്ട് തരമാണ്. 1) അവന് ഭക്ഷണമായി നൽകുമെന്ന് അല്ലാഹു മാത്രം അറിഞ്ഞത്. അതിന് മാറ്റമില്ല. 2) അവൻ എഴുതിവെച്ച് മലക്കുകളെ അറിയിച്ചത്. ഇത് കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിൽ കൂടുകയും കുറയുകയും ചെയ്യും" (മജ്മൂഉൽ ഫതാവാ: 8/540).

നിറങ്ങൾ കൊണ്ട് വിസ്മയം തീർക്കാൻ



# സർഗ വസന്തം

ജൂലൈ - ഒക്ടോബർ 2021
ശാഖ, മണ്ഡലം, ജില്ലാ കേന്ദ്രങ്ങളിൽ

WISDOM students

wisdom students

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 AUGUST 21

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm